കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മംഗൽപാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 5/163/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 31/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മംഗൽപാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 5/163/2023 തീയ്യതി: 31/03/2023

## കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 06-01-2023 | 17-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-01-2023 | 17-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഖദീജാത്ത് റിസാന | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സന്തോഷ് വർഗ്ഗീസ് | സെക്രട്ടറി | 01-04-2021 | 11-03-2022 |

| | | | |
|---|---|---|---|
| ദീപേഷ്.പി.ടി | സെക്രട്ടറി-ഇന്‍-ചാര്‍ജ്ജ് | 11-03-2022 | 31-03-2022 |

## നിര്‍വ്വഹണഉദ്യോഗസ്ഥര്‍

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതല്‍) | തീയതി (വരെ) |
|---|---|---|---|
| ദീപേഷ്.പി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| അഖില്‍.ജി | അസിസ്റ്റന്റ് എഞ്ചിനിയര്‍ | 01-04-2021 | 31-03-2022 |
| വന്ദന,ജി.പൈ | കൃഷി ഓഫീസര്‍ | 01-04-2021 | 31-03-2022 |
| സുമയ്യ.എസ്.വി | ഐ.സി.ഡി.എസ് സൂപ്പര്‍വൈസര്‍ | 01-04-2021 | 22-07-2021 |
| റബിത കണ്ണന്‍ | ഐ.സി.ഡി.എസ് സൂപ്പര്‍വൈസര്‍ | 23-07-2021 | 31-03-2022 |
| വസന്ത കുമാര്‍.സി.കെ | പ്രധാനാധ്യാപകന്‍ | 01-04-2021 | 31-03-2022 |
| ഡോ.ദേവലാല് | വെറ്റിനറി സര്‍ജ്ജന്‍ | 01-04-2021 | 11-11-2021 |
| ഡോ.ശരത് | വെറ്റിനറി സര്‍ജ്ജന്‍ | 12-11-2021 | 31-03-2022 |
| ഡോ.ശാന്തി | മെഡിക്കല്‍ ഓഫീസര്‍ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.രശ്മി.പി.കെ | മെഡിക്കല്‍ ഓഫീസര്‍ ആയുര്‍വ്വേദം | 01-04-2021 | 31-03-2022 |
| ഡോ.ശിവാനി.എസ് | മെഡിക്കല്‍ ഓഫീസര്‍ ഹോമിയോ | 01-04-2021 | 31-03-2022 |
| ജിജോമോന്‍.വി.സി | ഫിഷറീസ് സബ് ഇന്‍സ്പെക്ടര്‍ | 01-04-2021 | 31-03-2022 |
| അച്യുതന്‍ .എം.എം | വില്ലേജ് എക്സ്റ്റെന്‍ഷന്‍ ഓഫീസര്‍ (ഇച്ചിലങ്ങോട് സര്‍ക്കിള്‍ ) | 01-04-2021 | 31-03-2022 |
| അബ്ദുള്‍ നാസര്‍ | വില്ലേജ് എക്സ്റ്റെന്‍ഷന്‍ ഓഫീസര്‍ (ഉപ്പള സര്‍ക്കിള്‍ ) | 01-04-2021 | 24-06-2021 |
| ആകാശ് വിജയന്‍ | വില്ലേജ് എക്സ്റ്റെന്‍ഷന്‍ ഓഫീസര്‍ (ഉപ്പള സര്‍ക്കിള്‍ ) | 25-06-2021 | 19-10-2021 |
| ശൈലേഷ് .എന്‍.ആര്‍ | വില്ലേജ് എക്സ്റ്റെന്‍ഷന്‍ ഓഫീസര്‍ (ഉപ്പള | 20-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| | സർക്കിൾ ) | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ | 1-2 |
| 3 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-2-1 |
| 4 | ട്രയൽ ബാലൻസിൽ പിശക് | 1-2-2 |
| 5 | സ്ഥിര നിക്ഷേപം - വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ വിവരങ്ങളിൽ പൊരുത്തക്കേട്. | 1-2-3 |
| 6 | ദുരിതാശ്വാസ നിധി ഇനത്തിലെ തുക അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-2-4 |
| 7 | ജേണൽ എൻട്രികൾ ആധികാരികമല്ല | 1-2-5 |
| 8 | General Reserves വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-2-6 |
| 9 | ബാലൻസ് ഷീറ്റ് B-9 Other Liabilities-ലെ അപാകതകൾ | 1-2-7 |
| 10 | കോൺട്രിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-2-8 |
| 11 | പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-2-9 |
| 12 | അക്കൗണ്ട്സ് സംബന്ധിച്ച നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1-2-10 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | വിവിധ ഫണ്ടുകളുടെ വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം. | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | വസ്തു നികുതി കുടിശ്ശികയുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നല്കിയതും മറ്റ് അപാകതകളും. | 1-10 |
| 21 | വസ്തു നികുതി പൊതു അപാകതകൾ | 1-11 |
| 22 | വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക | 1-11-1 |
| 23 | ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു. | 1-11-2 |
| 24 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത. | 1-11-3 |

| | | |
|---|---|---|
| 25 | സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. | 1-11-4 |
| 26 | കെട്ടിട നിർമ്മാണ പെർമിറ്റ്- കംപ്ലീഷൻ- അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കാത്തതും- മറ്റ് അപാകതകളും. | 1-12 |
| 27 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-12-1 |
| 28 | വാടക കുടിശ്ശിക | 1-13 |
| 29 | തൊഴിൽ നികുതി - അപാകതകൾ | 1-14 |
| 30 | രശീതി - അപാകതകൾ | 1-15 |
| 31 | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല | 1-16 |
| 32 | മരുന്ന് വാങ്ങുന്നതിന് സർക്കാർ മാർഗനിർദ്ദേശം പാലിച്ചിട്ടില്ല | 1-17 |
| 33 | പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-18 |
| 34 | പ്രൊബേഷൻ കാലംദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല. | 1-19 |
| 35 | അസിസ്റ്റന്റ് സെക്രട്ടറി- അനധികൃതമായി ജോലിക്ക് ഹാജരാകാത്ത കാലയളവ് ക്രമീകരിച്ചില്ല അപാകതകൾ | 1-20 |
| 36 | ജീവനക്കാരുടെ ആദായ നികുതി കണക്കാക്കിയിട്ടില്ല. | 1-21 |
| 37 | ഐ.എസ്.ഒ സർവ്വലൈൻസ് ഓഡിറ്റ് അപാകത പരിഹരിക്കൽ -ദിവസവേതനം നൽകിയത് അപാകതകൾ | 1-22 |
| 38 | പൊതു ടാപ്പുകളുടെ വെള്ളക്കരം - യഥാസമയം ഒടുക്കുന്നില്ല -കുടിശ്ശികയും പിഴയും വർദ്ധിക്കുന്നു -ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഗുരുതര വീഴ്ച. | 1-23 |
| 39 | കോവിഡ് ക്വാറന്റീൻ സെന്റർ ഭക്ഷണചെലവ് നൽകിയത് - തദ്ദേശ സ്വയംഭരണ- ആരോഗ്യ വിഭാഗങ്ങളുടെ പരിശോധന സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-24 |
| 40 | മഴക്കാല പൂർവ്വ ശുചീകരണം -നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു. | 1-25 |
| 41 | പ്രൊജക്ടിൽ വകയിരുത്തിയ വികസന ഫണ്ട് /ധനകാര്യക്കമ്മീഷൻ ഗ്രാന്റിന് പകരം തനത് ഫണ്ട് ചെലവഴിച്ചു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-26 |
| 42 | തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ | 1-27 |
| 43 | ഗ്രാമ പഞ്ചായത്തിലേയ്ക്ക് ശബ്ദരഹിത ജനറേറ്റർ വാങ്ങൽ 4,98,000/ -രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-28 |
| 44 | ഷിറിയ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മാണം റെയിൽവേയ്ക്ക് തുക കൈമാറിയത് -പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-29 |
| 45 | ജലജീവൻ മിഷന് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യ പത്രം | 1-30 |

| | | |
|---|---|---|
| | ലഭ്യമാക്കിയിട്ടില്ല. | |
| 46 | നിക്ഷേപ പ്രവൃത്തികൾക്ക് തുക കൈമാറിയത് - കരാറുടമ്പടി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 1-31 |
| 47 | പഞ്ചായത്ത് ഓഫീസ് കാബിൻ നെറ്റ് വർക്കിംഗ് & വയറിംഗ് -കൃത്യമായ രേഖകൾ ഇല്ലാതെ തുക അനുവദിച്ചു. | 1-32 |
| 48 | കുബണൂർ മാലിന്യ സംസ്കരണ പ്ലാന്റിൽ കെട്ടിക്കിടക്കുന്ന അജൈവ മാലിന്യ ശേഖരം നീക്കം ചെയ്യുന്നതിനുള്ള പദ്ധതി- നടപടിക്രമങ്ങൾ പലിക്കാതെ തുക ചെലവഴിച്ചു | 1-33 |
| 49 | പൊതു ഇടങ്ങളിലെ മാലിന്യം നീക്കൽ - ഫലപ്രദമല്ല - നഗരത്തിൽ മാലിന്യം കുന്നുകൂടുന്നു | 1-34 |
| 50 | സമൂഹ്യ ക്ഷേമ പെൻഷൻ വിതരണം -മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുന്നില്ല - അപാകതകൾ | 1-35 |
| 51 | വസ്തു നികുതി ഡിമാന്റ് നോട്ടീസ് അച്ചടി -അപാകതകൾ | 1-36 |
| 52 | കോവിഡ് -ഓക്സീമീറ്റർ വാങ്ങിയത് -സ്റ്റോക്ക് വിതരണ വിവരങ്ങൾ ലഭ്യമല്ല. | 1-37 |
| 53 | എൽ.ഇ.ഡി ഫ്ലഡ് ലൈറ്റ് വാങ്ങിയത് ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. | 1-38 |
| 54 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല. | 1-39 |
| 55 | അസിസ്റ്റന്റ് സെക്രട്ടറി - പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-40 |
| 56 | ഭിന്നശേഷികാർക്ക് മുച്ചക്രവാഹനം നൽകൽ - ഡ്രൈവിംങ് ലൈസൻസിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-41 |
| 57 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം അപാകതകൾ | 1-42 |
| 58 | സ്കൂൾ നവീകരണ പ്രവൃത്തി -ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല - മറ്റ് അപാകതകളും | 1-43 |
| 59 | എസ്.എസ്.കെ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-44 |
| 60 | തുല്യതാ പരീക്ഷാ ഫീസ് -രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല – മറ്റ് അപാകതകളും | 1-45 |
| 61 | എൽ.പി / യു.പി വിദ്യാർഥികൾക്ക് പഠിക്കുവാനുള്ള കസേര/മേശ (എസ്.സി.പി) വിതരണം - അപാകതകൾ | 1-46 |
| 62 | പച്ചമ്പലം പള്ളം ഇംപ്രൂവ്മെന്റ് പ്രവൃത്തിയിൽ ലഭിച്ച മണ്ണ്-ലേലം ചെയ്തതിന്റെ നടപടികൾ | 1-47 |
| 63 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-48 |
| 64 | സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്ന് സെൽഫ് ചെക്ക് | 1-49 |

| | | |
|---|---|---|
| | മുഖേന തുക പിൻവലിച്ചത്-അപാകത- | |
| 65 | വീട് വാസയോഗ്യമാക്കൽ ജനറൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-50 |
| 66 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ-നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-51 |
| ഭാഗം **2** | | |
| 1 | വസ്തു നികുതി കുടിശ്ശിക ഈടാക്കാതെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകി ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 |
| 2 | കെട്ടിട നിർമ്മാണ പെർമിറ്റ്- കംപ്ലീഷൻ- അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കാത്തതും- മറ്റ് അപാകതകളും. | 2-2 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |
| 6 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കാത്ത പ്രവൃത്തികൾ. | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1തീയതി 24-02-2021 | 2/1തീയതി 16-03-2022 |
| മുന്നിരിപ്പ് | 1,41,95,125 | 5,56,29,000 |
| വരവ് | 21,50,35,000 | 29,94,94,259 |
| ആകെ | 22,92,30,125 | 35,51,23,259 |
| ചെലവ് | 20,18,60,000 | 33,08,21,001 |
| നീക്കിയിരിപ്പ് | 2,73,70,125 | 2,43,02,258 |

## 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ

മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

### 1-2-2 ട്രയൽ ബാലൻസിൽ പിശക്

വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം അയച്ചു തന്നിട്ടുള്ള ട്രയൽ ബാലൻസ് പൂർണമായും തെറ്റാണ്. മിക്കവാറും എല്ലാ ഹെഡിലും നീക്കിയിരിപ്പ് തുകയുടെ കോളത്തിൽ ഡെബിറ്റിലും ക്രഡിറ്റിലും തുകകൾ ചേർത്തതായി കാണുന്നു. ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശം തന്നെ സാധിക്കാത്ത വിധത്തിലാണ് ട്രയൽ ബാലൻസ് തയ്യാറാക്കിയിട്ടുള്ളത്.

### 1-2-3 സ്ഥിര നിക്ഷേപം - വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ വിവരങ്ങളിൽ പൊരുത്തക്കേട്.

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം 31.3.2022 ൽ 80,00,000രൂപ സ്ഥിര നിക്ഷേപമായിട്ടുണ്ട്. കേരള ഗ്രാമീൺ ബാങ്കിന്റെ ഉപ്പള ശാഖയിലാണ് സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്ഥിര നിക്ഷേപ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ പ്രകാരം കേരള ഗ്രാമീൺ ബാങ്കിലെ നിക്ഷേപത്തിന് 4,44,992/- രൂപ 2021-22 സാമ്പത്തിക വർഷം പലിശയിനത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ഇവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ 31.3.2022-ന് സ്ഥിര നിക്ഷേപമായി 84,44,992/- രൂപയാണുള്ളത് എന്നാൽ ബാലൻഷീറ്റ് B-12 പ്രകാരം 80,00,000രൂപ സ്ഥിരനിക്ഷേപമുള്ളതായാണ് കാണിക്കുന്നത്, ആയത് ക്രമീകരിക്കേണ്ടതാണ്.

### 1-2-4 ദുരിതാശ്വാസ നിധി ഇനത്തിലെ തുക അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| B2 ഷെഡ്യൂൾ പ്രകാരം ദുരിതാശ്വാസ നിധി ഇന ത്തിലെ നീക്കിയിരിപ്പ് തുക | B17 ഷെഡ്യൂൾ പ്രകാരം നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് (റിലീഫ് ഫണ്ട്) അക്കൗണ്ടിലെ നീക്കിയിരിപ്പ് |
|---|---|
| 1,64,834 | 1,48,084 |

1-2-5 ജേണൽ എൻട്രികൾ ആധികാരികമല്ല

ജേണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി വയ്ക്കുന്ന പതിവ് പഞ്ചായത്തിൽ ഇല്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവ സൂക്ഷിക്കുന്ന പതിവും പഞ്ചായത്തിൽ ഇല്ല.

1-2-6 General Reserves വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

31.03.2022 ലെ ബാലൻസ് ഷീറ്റിൽ 312500101-general Reserves എന്ന ഹെഡിൽ 5,54,666 രൂപ നീക്കിയിരിപ്പ് കാണുന്നു. ഈ റിസർവ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-2-7 ബാലൻസ് ഷീറ്റ് B-9 Other Liabilities-ലെ അപാകതകൾ

1) 31.03.2022 ലെ ബാലൻസ് ഷീറ്റിൽ 350109901-other Creditors Control Account എന്ന ഹെഡിൽ 7,90,346 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

2) 31.03.2022 ലെ ബാലൻസ് ഷീറ്റിൽ 350110199-other Employee Liabilities Payable എന്ന ഹെഡിൽ 15,85,358 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3) 31.03.2022 ലെ ബാലൻസ് ഷീറ്റിൽ 350410101-Advance Collection-property Tax എന്ന ഹെഡിൽ 9,25,700 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഈ തുക 01.04.2021 നം മുന്നിരിപ്പ് തുകയാണ്. 2021-22 ൽ ഈ തുക അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

1-2-8 കോൺട്രിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡ്, നോൺറോഡ്) എന്നീ ഫണ്ടുകളിൽ നിന്നും കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് 31.03.2022-ന് തുകകൾ മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ കണക്കാക്കിയതിന്റെ വിവരങ്ങൾ / രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിവിധ ആസ്തികൾക്ക് 2021-22 വർഷം തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെയും തേയ്മാന പട്ടിക പഞ്ചായത്ത് അംഗീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2-9 പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress (B-11(a)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2-10 അക്കൗണ്ട്സ് സംബന്ധിച്ച നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല .

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ

സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനമില്ല .

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പ് വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് തുകകൾ മാത്രമേ അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളൂ. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 ലെ മറ്റു അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രതിമാസ കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടു കൂടി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-2022 |
|---|---|
| മുന്നിരിപ്പ് | 5,29,84,555 |
| വരവ് | 12,08,38,632 |
| ആകെ | 17,38,23,187 |
| ചെലവ് | 11,29,45,485 |
| നീക്കിയിരിപ്പ് | 6,08,77,702 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾരജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 3,74,91,000 | 3,74,91,000 | 2,94,93,090 | 79,97,910 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 60,47.000 | 60,47,000 | 45,83,962 | 1463038 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി. | 0 | 3,13,065 | 3,13,065 | 2,78,600 | 34,465 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 0 | 1,41,46,000 | 1,41,46,000 | 68,62,889 | 72,83,111 |
| സംരക്ഷണഗ്രാന്റ്–നോൺറോഡ് | 0 | 1,03,47,290 | 1,03,47,290 | 52,72,460 | 50,74,830 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | TRY- 0 | 89,31,146 | 89,31,146 | 9,28,212 | 80,02,934 |
| | Bank -0 | 1,04,72,000 | 1,04,72,000 | 14,93,003 | 89,78,997 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | TRY-0 | 35,25,860 | 35,25,860 | 19,36,363 | 15,89,497 |
| | Bank -0 | 80,47,481 | 80,47,481 | 49,91,613 | 30,55,868 |
| കുറിപ്പ്-(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹29,40,860 (ജനറൽ), ₹1,79,607 (എസ്.സി.പി.), ₹44,600 (ടി.എസ്.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.) | | | | | |
| ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | | | | |
| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,65,52,230 | 2,65,52,230 | 2,65,52,230 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 44,04,355 | 44,04,355 | 44,04,355 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,34,000 | 2,34,000 | 2,34,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6,862,889 | 6,862,889 | 6,862,889 | 0 |
| സംരക്ഷണഗ്രാന്റ്നോൺറോഡ് | 0 | 52,72,460 | 52,72,460 | 52,72,460 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | TRY-0 | 9,28,212 | 9,28,212 | 9,28,212 | 0 |
| | Bank-0 | 1,04,72,000 | 1,04,72,000 | 14,93,003 | 89,78,997 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied) | TRY-0 | 19,36,363 | 19,36,363 | 19,36,363 | 0 |
| | Bank-0 | 80,47,481 | 80,47,481 | 49,91,613 | 30,55,868 |
| ബി ഫണ്ട് | | | | | |
| വിധവകളുടെപെൺമക്കളുടെ വിവാഹധനസഹായം | 0 | 0 | 0 | 0 | 0 |
| TSB ജനറൽപർപ്പസ് അക്കൗണ്ട് | 3,45,448 | 2,95,21,195 | 2,98,66,643 | 3,11,11,272 | (-)12,44,629 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക്പഞ്ചായത്ത് | 17,00,053 | 22,95,000 | 39,95,053 | 22,95,000 | 17,00,053 |
| ജില്ലാ പഞ്ചായത്ത് | 57,838 | 3,00,000 | 3,57,838 | 3,00,000 | 57,838 |
| തൊഴിലുറപ്പ് പദ്ധതി | 8,34,640 | 48,79,248 | 57,13,888 | 57,12,261 | 1,627 |
| ICDS കേന്ദ്ര വിഹിതം | 46,20,122 | 21,62,119 | 67,82,241 | 20,00,000 | 47,82,241 |
| സാക്ഷരത | 31,679 | 3,988 | 35,667 | 0 | 35,667 |
| ടോട്ടൽസാനിറ്റേഷൻ | 1,49,428 | 0 | 1,49,428 | 0 | 1,49,428 |
| ശുചിത്വ മിഷൻ | 27,64,993 | 0 | 27,64,993 | 27,64,993 | 0 |
| പൈക്ക | 7,00,000 | 0 | 7,00,000 | 0 | 7,00,000 |
| ദുരിതാശ്വാസ നിധി | 6,336 | 1,41,748 | 1,48,084 | 0 | 1,48,084 |
| ബഡ്സ്-സ്കൂൾവിഹിതം | 12,50,000 | 0 | 12,50,000 | 0 | 12,50,000 |
| ലൈഫ് പദ്ധതി സംസ്ഥാന | 7,35,000 | 7,00,000 | 14,35,000 | 0 | 14,35,000 |

| വിഹിതം | | | | | |
|---|---|---|---|---|---|

കുറിപ്പ് :

1).മേൽ വിവരിച്ച വരവ് ചെലവുകൾ കൂടാതെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 2,59,53,000/-രൂപ വരവുണ്ട്.

2).വികസന ഫണ്ട് ടി.എസ്.പി യിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷം ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവർ ചെയ്ത് ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് ടി.എസ്.പി യിൽ 29,065 രൂപയാണ് ലഭിച്ചത്, കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവ് ചെയ്ത തുക 75,290 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി).6591/2021/ഫിൻ പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 274 | 19,69,74,857 | 188 | 8,81,67,185 | 0 | 86 | 68.61 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-2022 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-2022 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 61 | 3,10,72,454 | 46 | 1,00,21,359 | 32.25 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 139 | 7,29,73,135 | 88 | 3,16,84,092 | 43.41 |
| 3 | കൃഷി ഓഫീസർ | 8 | 99,91,950 | 8 | 60,40,551 | 60.45 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 4,33,60,000 | 6 | 1,48,53,710 | 34.25 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 90,57,740 | 4 | 87,24,919 | 96.32 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വെറ്റനറി സർജ്ജൻ | 4 | 14,17,400 | 4 | 14,17,400 | 100 |
| 7 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 7,20,000 | 3 | 7,07,991 | 84.28 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 2 | 18,80,000 | 2 | 16,72,077 | 88.94 |
| 9 | പ്രധാനാധ്യാപകൻ | 11 | 63,18,290 | 9 | 58,11,471 | 91.97 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 27 | 1,69,23,050 | 16 | 68,73,928 | 40.61 |
| 11 | മെഡിക്കൽ ഓഫീസർ- ആയൂർവേദ | 2 | 2,43,062 | 2 | 2,43,062 | 100 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 30,17,776 | 1 | 1,16,625 | 03.86 |
| | ആകെ | 274 | 19,69,74,857 | 188 | 8,82,46,270 | 44.80 |

2021-22 വർഷത്തിൽ പദ്ധതി അടങ്കൽ തുകയുടെ 44.80 ശതമാന മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 8,34,640 | 4,71,063 | 13,05,703 | 13,04,076 | 1627 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43,57,705 | 43,57,705 | 43,57,705 | 0 |
| ആകെ | 8,34,640 | 48,28,768 | 56,63,408 | 56,61,781 | 1627 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 439 പദ്ധതികളുൾപ്പെടുന്ന 5,58,48,429 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 43,57,705 രൂപയുടെ 95 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 14925 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 28 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7,53,200 | 55 |
| വിധവാപെൻഷൻ | 3,47,51,400 | 2395 |
| വാർദ്ധക്യകാലപെൻഷൻ | 5,04,18,600 | 3724 |
| വികലാംഗപെൻഷൻ | 1,09,08,000 | 783 |

| | | |
|---|---|---|
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,76,000 | 14 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-01-2023 തീയ്യതിയിൽ 3. Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 8,738/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | ഹെഡ് ക്ലാർക്ക് | 1 |
| 5 | അക്കൗണ്ടന്റ് | 1 |
| 6 | സീനിയർ ക്ലാർക്ക് | 3 |
| 7 | ക്ലാർക്ക് | 4 |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 10 | പാർട്ട് ടൈം ലൈബ്രറിയൻ | 1 |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ ഹാജർപട്ടിക കൃത്യമായി പരിപാലിക്കുന്നതിൽ അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി അർഹതപ്പെട്ടതിനേക്കാൾ ആകസ്മിക അവധിയെടുത്തതായി ഹാജർ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ പ്രസ്തുത ഉദ്യോഗസ്ഥൻ പദ്ധതി നടത്തിപ്പ് രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 27 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 8 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-22 സാമ്പത്തിക വർഷം 11 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ ILGMS സംവിധാനത്തിലേക്ക് മാറുന്നതിനുമുൻപും ILGMS സംവിധാനത്തിലേക്ക് മാറിയതിതിനുശേഷവും ലഭിച്ച നിരവധി അപേക്ഷകൾ തീർപ്പാക്കാതെ കെട്ടികിടക്കുന്നുണ്ട്. സമയബന്ധിതമായി സേവനങ്ങൾ ലഭിക്കാത്തതിതിനാൽ ഓൺലൈനായി ലഭിക്കേണ്ടുന്ന സേവനങ്ങൾക്കുപോലും അപേക്ഷകർ പഞ്ചായത്ത് ഓഫീസിലേക്ക് വരുന്നുണ്ട്.

വരവുകളിൻ മേലുള്ള നിയന്ത്രണം

വാടക സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. മറ്റ് വരവിനങ്ങളുടെ ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നില്ല. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നല്ല . ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, ഇംകമ്പൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൽ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഓരോ അക്കൗണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 14-12-2021 മാത്രമേ യോഗം ചേർന്നിട്ടുള്ളത്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 വസ്തു നികുതി കുടിശ്ശികയുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നല്കിയതും മറ്റ് അപാകതകളും.

ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഹസേര തസീൻ എന്നവരുടെ പേരിലുള്ള 4/389-A1 മുതലുള്ള 94 കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം 2021-22 സാമ്പത്തിക വർഷം ഇൻതികാബ്

ആലം എന്നയാളുടെ പേരിലേക്ക്(23/03/2022-ന്)സഞ്ചയയിൽ മാറ്റം വരുത്തി നല്കിയതായി കാണുന്നു. A3-1422 ഫയലായി സഞ്ചയയിൽ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഇതു സംബന്ധിച്ച ഫയലുകളോ ഉടമസ്ഥാവകാശം മാറ്റുന്നത് സംബന്ധിച്ച രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 22, 23 എന്നിവ പ്രകാരവും ഇവയിലെ ഉപചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചാണോ സെക്രട്ടറി നടപടികൾ സ്വീകരിച്ചിരിക്കുന്നത് എന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ വർഷങ്ങളായി നികുതി കുടിശികയുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശമാണ് ഓഡിറ്റ് വർഷം മാറ്റി നല്കിയിട്ടുള്ളത്. കൂടാതെ ചില കെട്ടിടങ്ങൾ സഞ്ചയയിൽ ഡിമാന്റ് ചെയ്യാത്തതായും കാണുകയുണ്ടായി. കുടിശിക തുക ഈടാക്കാതെ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റി നല്കിയതുവഴി 10,60,319 രൂപയുടെ വരവ് നഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. വിശദമായ പരാമർശം ഈ റിപ്പോർട്ടിൽ ഖണ്ഡിക 2(1)-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-11 വസ്തു നികുതി പൊതു അപാകതകൾ

2021-21 വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ പല അപാകതകളും കാണുകയുണ്ടായി, ആയത് ഉപഖണ്ഡികകളായി താഴെ വിവരിക്കുന്നു,

## 1-11-1 വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക

2021-22 സാമ്പത്തിക വർഷത്തിൽ വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശികയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തരം | കുടിശ്ശിക |
|---|---|
| പാർപ്പിടം | 38,16,124 |
| പാർപ്പിടേതരം | 82,41,870 |
| പാർപ്പിടം (കുടിശ്ശിക) | 13,87,322 |
| പാർപ്പിടേതരം (കുടിശ്ശിക) | 81,58,372 |

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതുണ്ട്. വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്. വസ്തു നികുതി കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11-2 ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു.

14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ.(അ) നമ്പർ 20/2011/ത.സ്വ.ഭ.വ. വിജ്ഞാപന പ്രകാരം നിലവിൽ എന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 70/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു

നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ഉടമസ്ഥന്റെ പേര് & കെട്ടിടത്തിന്റെ നമ്പറും അളവും | അസസ്മെന്റ് തീയ്യതി | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| | | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| അബ്ദുൾ ലത്തീഫ്, 229.52 M2, XXI-516 A To I | 17.12.21 | 229.52x 60= 13,771 | 20%= 2,754 | - | 16,525+LC | 229.52x70= 16,066 | 20%= 3,213 | - | 19,279+LC | 2754 |
| അബ്ദുൾ റഹ്മാൻ &മൈമൂന റഹ്മാൻ 248.34 M2, XX-99 C,D,E | 25.10.21 | 248.34x60= 14,900 | 20% = 2,980 | - | 17,880+LC | 248.34x70= 17,384 | 20% = 3,477 | - | 20,861+LC | 2981 |
| അഷറഫ് 141.18 M2, XII-217 D,E,F | 9.3.22 | 141..18x60= 8471 | 20%= 1694 | -- | 10165+LC | 141.18x70= 9883 | 20%= 1977 | -- | 11860+LC | 1695 |
| മാഹിൻ. 196.64 M2, VIII-385 A1 To A8 | 21.2.22 | 196.64x60= 11798 | 20%= 2360 | -- | 14158+LC | 196.64x 70= 13765 | 20%= 2753 | -- | 16518+LC | 2360 |
| ജയരാമ യ്യ, 121.21 M2, IV-29 F,G,H | 19.1.22 | 121.21x 60= 7273 | 20%= 1455 | -- | 8728+LC | 121.21x 70= 8485 | 20%= 1697 | -- | 10182+LC | 1454 |
| ആയിഷ, 617.68 M2 XVII-78 C To J | 10.12.21 | 617.68x60= 37061 | 20%= 7412 | -- | 44473+LC | 617.68x70= 43238 | 20%= 8648 | -- | 51886+LC | 7413 |
| മറിയമ്പി, 188.48 M2 X-409 F1 To F7, F10 & F11 | 1.12.21 | 188.48x 60= 11309 | 20%= 2262 | -- | 13571+LC | 188.48x70= 13194 | 20%= 2639 | -- | 15833+LC | 2262 |
| ഇൻതികാബ് ആലം, 106.48m2 IV-389 Q, V To Z | 15.11.21 | 106.48x60= 6389 | 20%= 1278 | -- | 7667+LC | 106.48x70= 7454 | 20%= 1491 | -- | 8945+LC | 1278 |
| തഹ്സീൻ ബാനു & Others, 115.72 M2 XXII- B To E | 10.11.21 | 115.72x60= 6943 | 20%= 1389 | -- | 8332+LC | 115.72x70= 8100 | 20%= 1620 | -- | 9720+LC | 1388 |
| ബീഫാത്തിമ, 308.78m2 XVII- C,D,E,F,L,M,N,O | 25.9.21 | 308.78x60= 18527 | 20%= 3705 | -- | 22232+LC | 308.78x70= 21615 | 20%= 4323 | -- | 25938+LC | 3706 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മൊയ്തുകുഞ്ഞി, 600.96m2, XVII-K,L,M,N | 29.9.21 | 600.96x60= 36058 | 20%= 7212 | -- | 43270+LC | 600.96x 70= 42067 | 20%= 8413 | -- | 50480+LC | 7210 |
| വരദരാജ, 145.56m2, XVIII- 585 A,B | 22.6.21 | 145.56x60= 8734 | 20%= 1747 | -- | 10480+LC | 145.56x70= 10189 | 20%= 2038 | -- | 12227+LC | 1747 |

മുകളിൽ വിവരിച്ച പ്രകാരം കുറവ് വന്ന തുക കെട്ടിടം വസ്തുനികുതി അസസ്മെന്റ് ചെയ്ത വർഷം മുതൽ ക്രമീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ മുൻവർഷങ്ങളിൽ പണി പൂർത്തിയായ 100 ച.മീറ്ററിലധികം തറ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ഇത്തരത്തിൽ ചട്ടവിരുദ്ധമായി നികുതി നിർണയിച്ചതിലൂടെ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന പരിശോധിച്ച് കുടിശ്ശിക സഹിതം നഷ്ടം നികത്തേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം- 29തീയ്യതി 17-01-2023).

## 1-11-3 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

GO.No.144/2015 പ്രകാരം 60 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളെയും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ GO No. 358/2015 പ്രകാരം സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ള കെട്ടിട ഉടമസ്ഥരെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കേണ്ടത്. എന്നാൽ ചില കെട്ടിട ഉടമസ്ഥർ സത്യവാങ്മൂലം നൽകാതെ തന്നെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. സഞ്ചയ പരിശോധനയിൽ ഇങ്ങനെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു,

| സീ.നം | വാർഡ്നം | കെട്ടിടനം | | കെട്ടിട ഉടമസ്ഥരുടെ പേരും | PlinthArea |
|---|---|---|---|---|---|
| 1 | 4 | 924 | C | റംല.ഐ.മൂസ, ബയ്യൂള് ഇമാന്, കൊടിബയില്.ഉപ്പള പി ഒ. | 43.23 |
| 2 | 5 | 546 | A | അബ്ദുൽ റഹിമാൻ S/O അബ്ദുൽ അസീസ് | 42 |
| 3 | 7 | 148 | A | മീനാക്ഷി D/O ബാബു പൂജാരി, പ്രതാപ് നഗർ ഹൌസ്,മംഗൽപാടി പി ഒ. | 37.21 |
| 4 | 7 | 404 | C | ജയകുമാർ S/O ബാബു, പ്രതാപ് നഗർ | 29 |
| 5 | 8 | 250 | B | പവിത്ര ബി കെ W/O യോഗിഷ്, ഹരിജന കോളനി, ബേക്കൂർ,ബേക്കൂർ പി ഒ. | 45.828 |
| 6 | 9 | 166 | B | രേവതി W/O ശ്രീധര, പജീർ ഹൗസ്, കുബനൂർ,ബേക്കൂർ പി ഒ. | 55.67 |
| 7 | 9 | 368 | I | സൗമ്യ Do ഐത്തപ്പ, പുലികുത്തി ഹൗസ്, അഗർത്തിമൂലെ,ബേക്കൂർ പി ഒ. | 38.5 |
| 8 | 10 | 348 | A | ആസിയമ്മ, ഡോട്ടർ ഓഫ് അബ്ദുൽ ഖാദർ, പാച്ചാമ്പാള,ഇച്ചിലങ്കോട്. | 40 |
| 9 | 11 | 496 | B | രേവതി, ചാക്കട്ടത്തടി ഹൗസ്,ഹേരൂർ, മംഗൽപാടി പി ഒ,671324. | 40.32 |
| 10 | 15 | 139 | A | റാബിയ, ഡോട്ടർ ഓഫ് ഖാദർ മുക്രി, ബത്തേരി,ഷിറിയ. | 55 |
| 11 | 18 | 352 | A | സിദ്ദിക്ക്, S/O മൊഹമ്മദ്, പാഞ്ചാത്തൊട്ടി ഹൌസ്,ഇച്ചിലങ്കോട്. | 43 |
| 12 | 20 | 70 | A | അസിയമത് ഹാജിറ പി(പെരിങ്ങടി ഹൗസ്, | 45.02 |

| | | | | | മംഗൽപാടി പി ഒ. | |
|---|---|---|---|---|---|---|

സത്യവാങ്ങ്മൂലം സമർപ്പിക്കാത്ത മേൽ കെട്ടിട ഉടമസ്ഥരെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം- 12തീയ്യതി 13-01-2022).

1-11-4 സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

14.01.2011 ലെ സ.ഉ.(അ) നം. 19/2011/ത.സ്വ.ഭ.വ. നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപ വിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗ ക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ഈടാക്കുന്നുണ്ട്. എന്നാൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/ത.സ്വ.ഭ.വ. നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/ത.സ്വ.ഭ.വ. നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗ ക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.എന്നാൽ ഈ ഭേദഗതികൾ അനുസരിച്ച് ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ഉപയോഗ ക്രമങ്ങളിൽപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള ഉപയോഗ ക്രമങ്ങളുടെയും നിരക്കുകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് ഉപയോഗി ക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | കാർഷിക ആവശ്യത്തിനുള്ളവ | 0 | 0 |
| 4 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 |

ഇപ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല. നികുതി നിരക്കുകൾ പരിഷ്കരിച്ച് ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം- 27തീയ്യതി 17-01-2023).

1-12 കെട്ടിട നിർമ്മാണ പെർമിറ്റ്- കംപ്ലീഷൻ- അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കാത്തതും- മറ്റ് അപാകതകളും.

ഓഡിറ്റ് വർഷം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ മുഹമ്മദ് ഇ.എം & ഇബ്രാഹിം പി.എസ് എന്നവർ ചേർന്ന് ഉപ്പള വില്ലേജിലെ 25/4, 130/2-എന്നീ സർവ്വെ നമ്പറുകളിലായി നിർമ്മിച്ച കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് നല്കുമ്പോഴോ/കെട്ടിടത്തിന് ഒക്കുപ്പൻസി നൽകുമ്പോഴോ അധിക ഫിസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതത്തിലും ഉപരിയായി തറ വിസ്തീർണ്ണാനുപാതം അനുവദിച്ച് കൊണ്ട് നിർമ്മാണ കംപ്ലീഷൻ അനുവദിച്ചതു കാരണം വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. പെർമ്മിറ്റ് ഫീസ് കൂടാതെ അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് അധിക ഫീസായി 53,34,150/-രൂപ (1066.83m2 X 5,000) ഉടമയിൽ നിന്ന് ഈടാക്കിയിട്ടില്ല. കൂടാതെ മറ്റ് അപാകതകളും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയവ ഈ റിപ്പോർട്ടിൽ ഖണ്ഡിക 2(2)-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12-1 കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019,(ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി 2 ഗ്രാമപഞ്ചായത്തിൽ 150 ച.മീ താഴെയുള്ള ഗ്രൂപ്പ് A2 വാസഗൃഹങ്ങൾക്ക് ച.മീ ന് 3.5 രൂപ നിരക്കിലും 150 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 7 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യുപൻസികൾക്കും ച.മീ ന് 10 രൂപ നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. കൂടാതെ ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. ക്രമവത്കരിക്കുന്ന കെട്ടിടത്തിന് വീണ്ടും പെർമ്മിറ്റ് അനുവദിക്കുന്നുണ്ടെങ്കിൽ പെർമ്മിറ്റ് ഫീസ് കൂടി ഈടാക്കേണ്ടതാണ്. 2021-22 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരണം ചെയ്ത കെട്ടിടത്തിന്റെ രാജിയാക്കൽ ഫീസ് ഈടാക്കി പെർമ്മിറ്റ് അനുവദിച്ചതിൽ താഴെ ചേർക്കും വിധം ഫീസ് കുറവ് വന്നതായി കാണുന്നു.

| പെർമിറ്റ് നമ്പർ, റഗുലറൈസേഷൻ തിയ്യതി | അപേക്ഷകന്റെ പേര് | തറവിസ്തീർണം ഒക്യുപൻസി, പെർമ്മിറ്റ് ഫീസ് | രാജിയാക്കൽ ഫീസും,പെർമ്മിറ്റ് ഫീസും | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| A3-BA(9356)/ 2022 Dt.07.01.2022 | സുനിൽബാജൽ, ശബരിഗിരി, ബാജൽ, പാവൂർ. | 253.76m2 (ഗാർഹികം)- 253.76x7= 1,776.32 | 253.76 X 14 = 3552.64 + 1,776.32 = 5328.96@ 5329 രൂപ | 3553 | 1776 |

മുകളിൽ വിവരിച്ച അപാകത പരിഹരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം എത്രയും പെട്ടെന്ന തന്നെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-19 തീയ്യതി 13-01-2023).

## 1-13 വാടക കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വാടകയിനത്തിൽ വൻ തുക കുടിശ്ശിക ഉള്ളതായി കണ്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.
(കുറിപ്പ് :- സ.ഉ.(കൈ) നം.261/2021/ത.സ്വ.ഭ.വ തീയതി:06.11.2021 പ്രകാരം 2021 ജൂലൈ മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് വാടക ഇളവ് നൽകിയിട്ടുണ്ട്)

| ക്രമ നം. | വാടക രജിസ്റ്ററിലെ ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | മാസ വാടക | ഒരു വർഷത്തേക്ക് ആകെ വാടക | ഈടാക്കിയ വാടക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 3 | IV/502 | അബ്ദുൾ റസാക്ക് | 2,025 | 2025x6=12,150 | 2025x5 =10,125 | 2,025 |
| 2 | 4 | IV/503 | നിസാർ അഹമ്മദ് | 3,031 | 3031x6=18,186 | 3031x5 =15,155 | 3,031 |
| 3 | 6 | IV/507 | മൂസ | 2,520 | 2520x6=15,120 | 0 | 15,120 |
| 4 | 9 | IV/511 | സി.എ.ഇബ്രാഹിം | 2,346 | 2346x6=14,076 | 2346x5 =11,730 | 2,346 |
| 5 | 11 | IV/513 | അബ്ദുൾ റസാക്ക് | 2,194 | 2194x6=13,164 | 0 | 13,164 |
| 6 | 12 | IV/514 | മജീദ് | 1,612 | 1612x6=9,672 | 1612x5 =8,060 | 1,612 |
| 7 | 13 | IV/515 | സി.എ.ഇബ്രാഹിം | 2,026 | 2026x6=12,156 | 2026x5 =10,130 | 2,026 |
| 8 | 14 | IV/516 | പി.എ.മുഹമ്മദ് | 1,612 | 1612x6=9,672 | 1612x5 =8,060 | 1,612 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | അലി | | | | |
| 9 | 15 | IV/517 | രാധാകൃഷ്ണ റൈ | 1,449 | 1449x6=8,694 | 1449x5 =7,245 | 1,449 |
| 10 | 16 | IV/518 | സന്ധ്യ ഷേണായ് | 1,449 | 1449x6=8,694 | 1449x5 =7,245 | 1,449 |
| 11 | 17 | IV/519 | ശശികാന്ത | 1,561 | 1561x6=9,366 | 1561x5 =7805 | 1,561 |
| 12 | 18 | IV/525 | സക്കറിയ | 11,775 | 11775x6=70,650 | 11775x5 =58,875 | 11,775 |
| 13 | 19 | IV/526 | യു.കെ.നാരായണൻ | 11,775 | 11775x6=70,650 | 11775x5 =58,875 | 11,775 |
| 14 | 20 | IV/527 | അബ്ദുൾ അസീസ് | 11,775 | 11775x6=70,650 | 11775x5 =58,875 | 11,775 |
| 15 | 21 | IV/528 | വിശ്വനാഥ് ഷേണായ് | 11,775 | 11775x6=70,650 | 11775x5 =58,875 | 11,775 |
| 16 | 22 | IV/530 | പുരുഷോത്തമ | 11,775 | 11775x6=70,650 | 11214x6 =67,284 | 3,366 |
| 17 | 23 | IV/532 | ഷാഹുൽ ഹമീദ് | 11,775 | 11775x6=70,650 | 11775x5 =58,875 | 11,775 |
| 18 | 24 | IV/533 | ഇസ്മയിൽ | 11,775 | 11775x6=70,650 | 0 | 70,650 |
| 19 | 25 | IV/534 | മുഹമ്മദ് റഫീക്ക് | 11,340 | 11340x6=68,040 | 0 | 68,040 |
| 20 | 26 | IV/535 | അബ്ദുള്ളകുഞ്ഞി | 11,775 | 11775x6=70,650 | 11775x5 =58,875 | 11,775 |
| 21 | 27 | IV/536 | മുഹമ്മദ് അഷ്റഫ് | 11,775 | 11775x6=70,650 | 11775x5 =58,875 | 11,775 |
| 22 | 28 | IV/537 | മുഹമ്മദ് അഷ്റഫ് | 11,775 | 11775x6=70,650 | 11775x1+5888 =17,663 | 52,987 |
| 23 | 29 | IV/539 | ഐത്തപ്പഷെട്ടി | 11,775 | 11775x6=70,650 | 11775x5 =58,875 | 11,775 |
| 24 | 30 | IV/542 | മുഹമ്മദ് ഹനീഫ് | 11,775 | 11775x6=70,650 | 11775x2 =23,550 | 47,100 |
| 25 | 33 | IV/542C | അബ്ദുൾ റഹ്മാൻ | 1,388 | 1388x6=8,328 | 0 | 8,328 |
| 26 | 34 | IV/542D | മൂസ | 1,213 | 1213x6=7,278 | 0 | 7,278 |
| 27 | 35 | IV/542E | മുഹമ്മദ് റഫീക്ക് | 1,213 | 1213x6=7,278 | 1213x5 =6065 | 1,213 |
| 28 | 36 | IV/542F | മുഹമ്മദ് റഫീക്ക് | 2,757 | 2757x6=16,542 | 2757x5 =13,785 | 2,757 |
| 29 | 37 | IV/542G | അഹമ്മദ് ഇക്ബാൽ | 2,757 | 2757x6=16,542 | 0 | 16,542 |
| 30 | 38 | IV/ | പി.എം.ഇബ്രാഹിം ഖലീൽ | 3,675 | 3675x6=22,050 | 0 | 22,050 |
| | | ആകെ | | | | | 4,39,906 |

2021-22 വർഷത്തിൽ വാടകയിനത്തിൽ 4,39,906/-രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഇതു കൂടാതെ 2021 മാർച്ച് വരെ വാടകയിനത്തിൽ 17,36,079/-രൂപ കുടിശ്ശികയുണ്ട്. (ആകെ കുടിശ്ശിക 4,39,906 +17,36,079 = 21,75,985/-രൂപ) ഇത്രയും വലിയ തുക വാടകയിനത്തിൽ കുടിശ്ശിക വരാനുണ്ടായ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.14/21-22തീയതി: 13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക പലിശയടക്കം പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

### തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2021-22 വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചപ്പോൾ ചില ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കണ്ടെത്തി. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ബാസവ് രാജ്.ടി, ജി.എൻ.എം | 21,200 | 21200x6 = 1,27,200 | 1250 | 1000 | 250 |

### ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | പുരുഷോത്തമ ഫ്ലവൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | എം.എഫ്.എസ് കുനിൽ സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | കുബന്നൂർ പ്ലാനറ്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | കുനിൽ എജ്യുക്കേഷൻ ട്രസ്റ്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | എ.ജെ.ഐ ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | ഇംപീരിയൽ ഫ്ലവൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | മഹാലക്ഷ്മി മെറ്റേണിറ്റി നഴ്സിംഗ് ഹോം | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | മെഡികെയർ ഹെൽത്ത് ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷം |

### സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ, മുളിഞ്ച | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ഫെഡറൽ ബാങ്ക് ഉപ്പള | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോ-ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | കെ.ഡി.ബി നിധി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 5 | മംഗൽപാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | ഇന്ത്യ പോസ്റ്റ് പേമെന്റ് ബാങ്ക് ലിമിറ്റഡ് , ഉപ്പള | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | കാസറഗോഡ് പബ്ലിക് സർവന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം |

(ഓഡിറ്റ് എൻക്വയറി നം.30/21-22തീയതി: 16.01.2023)

## 1-15 രശീതി - അപാകതകൾ

മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഔട്ട്ഡോർ കലക്ഷൻ രശീതി ബുക്കുകൾ കലക്ഷൻ രജിസ്റ്റർ, രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

ഒരേ സമയം ഒന്നിൽ കൂടുതൽ രസീത് ബുക്കുകൾ ഉപയോഗിച്ചു -ചട്ടങ്ങളുടെ ലംഘനം.

കേരള ട്രഷറി കോഡ് (വാല്യം 1) ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83 എന്നിവ പ്രകാരം രശീത് ബുക്കുകൾ ലഭിച്ച ഉടനെ എണ്ണുകയും നമ്പറടിക്കുകയും ഫോറങ്ങൾക്കുള്ള സ്റ്റോക്ക് ബുക്കിൽ എഴുതി ചേർക്കുകയും ചെയ്യേണ്ടതാണ്. ഓരോ സ്റ്റോക്ക് ബുക്കിനും ക്രമനമ്പർ നൽകണം. രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യുന്നത് അവയുടെ നമ്പർ ക്രമത്തിലായിരിക്കണം. ഫോറങ്ങൾക്കുള്ള സ്റ്റോക്ക് ബുക്കിൽ രസീത് ബുക്കുകൾ ലഭിച്ച ഉദ്യോഗസ്ഥർ ഒപ്പിടുകയും ചെയ്യേണ്ടതാണ്. ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് ബുക്ക് പൂർണമായി ഉപയോഗിച്ചു തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നല്കാൻ പാടില്ലാത്തതാണ്. പുതിയ രസീത് ബുക്ക് നൽകുകയാണെങ്കിൽ കാരണം വ്യക്തമായി പുതിയ രസീത് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

എന്നാൽ മംഗൽപാടി ഗ്രാമപഞ്ചായത്തിലെ ഔട്ട്ഡോർ കലക്ഷന് നിയോഗിക്കപ്പെട്ട ക്ലർക്കുമാരായ ശ്രീ.ലതേഷ്കുമാർ, ശ്രീ.രഞ്ജിത്ത്, ശ്രീ.അജിത് എന്നിവർക്ക് പ്രത്യേക കാരണമൊന്നും രേഖപ്പെടുത്താതെ ഒരു ദിവസം തന്നെ ഒന്നിൽ കൂടുതൽ രശീത് ബുക്കുകൾ നൽകുകയും ഇവർ ഒരു രശീത് ബുക്ക് പൂർണമായും ഉപയോഗിക്കാതെ പുതിയ രശീത് ബുക്ക് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇവർക്ക് നൽകിയ രശീത് ബുക്ക് ഉപയോഗിച്ച് രാജു രാമൻ, സീനിയർ ക്ലർക്ക് പിരിവ് നടത്തുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | രശീത് ബുക്ക് നം. | ഇഷ്യൂ ചെയ്ത തീയതി | രശീത് ബുക്ക് ഉപയോഗിച്ച തീയതി |
|---|---|---|---|
| ശ്രീ.ലതേഷ്കുമാർ, ക്ലർക്ക് | | | |
| 1 | 23157 | 24.12.2022 | Rt.No.1-8 - 28.12.2021,<br>Rt.No.9-16 - 29.12.2021,<br>Rt.No.17-37 - 30.12.2021,<br>Rt.No.38-39 - 31.12.2022,<br>Rt.No.40-45 - 17.01.2022,<br>Rt.No.46-60 - 03.02.2022,<br>Rt.No.61-71 - 09.02.2022,<br>Rt.No.72-77 - 23.02.2022,<br>Rt.No.78-79 - 25.02.2022,<br>Rt.No.80-100-26.02.2022<br>ഇതിൽ രശീതി നം.80-100 പിരിവ് നടത്തിയിരിക്കുന്നത് രാജു രാമൻ |

| | | | |
|---|---|---|---|
| | | | എന്നയാളാണ്. |
| 2 | 23158 | 24.12.2021 | Rt.No.1-42 – 28.12.2021<br>Rt.No.43-87 – 29.12.2021<br>Rt.No.88-100 – 30.12.2021 |
| 4 | 23164 | 30.12.2021 | Rt.No.1-10 - 30.12.2021<br>Rt.No.11-43 - 31.12.2021<br>Rt.No.44-100 - 05.01.2022 |
| 5 | 23169 | 08.02.2022 | Rt.No.1-11 - 31.03.2022<br>Rt.No.12-100-cancelled |
| ശ്രീ.അജിത്.ടി, ക്ലർക്ക് | | | |
| 1 | 23161 | 27.12.2021 | Rt.No.1-51 - 28.12.2021<br>Rt.No.52-91 - 29.12.2021<br>Rt.No.92-100 - 30.12.2021 |
| 2 | 23162 | 27.12.2021 | Rt.No.1-33 -29.12.2021<br>Rt.34-97 – 30.12.2021<br>RT.No.98-31.12.2021<br>RT.No.99, 100-cancelled<br>രസീത് ബുക്ക് ഉപയോഗിച്ചിരിക്കുന്നത് രാജു രാമൻ എന്ന ക്ലർക്കാണ്. |
| 3 | 23165 | 30.12.2021 | Rt.No.1 - 30.12.2021<br>Rt.No.2-46 - 31.12.2021<br>Rt.No.47-94 – 25.02.2022<br>Rt.No.95-100 - 26.02.2022<br>ഇതിൽ രശീതി നം.47-100 പിരിവ് നടത്തിയിരിക്കുന്നത് രാജു രാമൻ എന്നയാളാണ്. |
| 4 | 23170 | 28.02.2022 | Rt.No.1-6 - 28.02.2022<br>Rt.No.7-27 - 02.03.2022<br>Rt.No.28-37 - 03.03.2022<br>Rt.No.38 - 24.03.2022<br>Rt.No.39-51 - 26.03.2022<br>Rt.No.52-100 - Cancelled |
| ശ്രീ.രഞ്ജിത്ത്, ക്ലർക്ക് | | | |
| 1 | 23159 | 24.12.2021 | Rt.No.1 , 2 - Cancelled<br>Rt.No.3-24 - 30.12.2021<br>Rt.No.25-27 - 17.01.2022<br>Rt.No.28-31 - 18.01.2022<br>Rt.No.32-47 - 17.03.2022<br>Rt.No.48-63 - 18.03.2022<br>Rt.No.64-69 - 31.03.2022<br>Rt.No.70-100-cancelled |
| 2 | 23160 | 24.12.2021 | Rt.No.1-15 - 28.12.2021<br>Rt.No.16-75 - 29.12.2021<br>Rt.No.76-100 – 30.12.2021 |
| 3 | 23163 | 30.12.2021 | Rt.No.1-34 - 30.12.2021<br>Rt.No.35-67 - 31.12.2021 |

| | | | |
|---|---|---|---|
| | | | Rt.No.68-69 – 25.01.2022<br>Rt.No.70-86 – 19.03.2022<br>Rt.No.87- Cancelled<br>Rt.No.88-99 -3 1.03.2022<br>Rt.N0.100-cancelled |

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വകുപ്പ് തല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം.22 തീയതി:16.01.2023)

1-16 ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല

മംഗൽപാടി ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിനായി 2,30,000/-രൂപ, ചെക്ക് നം.8472 പ്രകാരം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)ക്ക് കൈമാറിയിട്ടുണ്ട്. 10/06/2021 തീയതിയിലെ നം.609/2021/Superintendent THQH Mangalpady ഉത്തരവു പ്രകാരം 10,000/-രൂപ വീതം ബന്ധപ്പെട്ട വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റി കണവീനർമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി തുകയുടെ ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ ടി പ്രവൃത്തിക്കായി ചെലവഴിച്ച 2,30,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.25/21-22തീയതി: 16.01.2023)

1-17 മരുന്ന് വാങ്ങുന്നതിന് സർക്കാർ മാർഗനിർദ്ദേശം പാലിച്ചിട്ടില്ല

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 ത.സ്വ.ഭ.വ.തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പിലാക്കിയ ഡയാലിസിസ് രോഗികൾക്ക് സഹായം നൽകൽ (പ്രൊജക്ട് നം.62), പാലിയേറ്റീവ് കെയർ (പ്രൊജക്ട് നം.66) എന്നീ പ്രൊജക്ടുകൾക്കുള്ള മരുന്നുകൾ വാങ്ങിയിരിക്കുന്നത് സപ്ലൈക്കോയിൽ നിന്നും യൂനിയൻ കെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം., പേര് | തുക, ബിൽ നം. / ചെക്ക് നം. | റിമാർക്സ് |
|---|---|---|
| 62/2021-22 - ഡയാലിസിസ് രോഗികൾക്ക് സഹായം നൽകൽ | 8,76,932/-രൂപ (ബിൽ നം. 108/09.12.2021) | 7,34,963/-രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്.<br>1,41,969/-രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് യൂണിയൻ കെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ് |
| 66/21-22- സാന്ത്വന പരിചരണം | 3,92,525/-രൂപ(BRN -2120065201280107770 8 9/08.02.2022) | 3,92,525/- രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |

മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ(ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ മുഴുവൻ മരുന്നുകളും സപ്ലൈകോയിൽ

നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനു പകരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.25/21-22തീയതി: 16.01.2023)

1-18 പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ നിർവഹണോദ്യേഗസ്ഥൻമാരായ അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ -ഹോമിയോ ഡിസ്പെൻസറി, മെഡിക്കൽ ഓഫീസർ -പി.എച്ച്.സി എന്നിവർ 2021-2022 വർഷത്തിൽ നിർവഹണം ചെയ്ത ചുവടെ പരാമർശിക്കുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി നം. 18 തിയതി 13.01.2023).

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം ചെയ്ത് 2021-2022 വർഷത്തിൽ യഥാർത്ഥത്തിൽ ചെലവഴിച്ചതും എന്നാൽ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതുമായ ചെലവിന്റെ വിവരം.

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | ചെലവ് തുക | ഫണ്ട് | വൗച്ചർ, ചെക്ക് നം/തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ജി.ബി.എൽ.പി.എസ് ഹേരൂർ അറ്റകുറ്റപണി (പ്രൊജക്ട് നമ്പർ 48/23) | 49888 | തനത് ഫണ്ട് | 22101056/31.03.2022 | ഈ പദ്ധതിക്കായി മെയിന്റനൻസ് ഫണ്ട്-റോഡിതരത്തിൽ നിന്നും ചെലവഴിച്ച 250000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2 | പത്വാടി അണ്ടർ ബ്രിഡ്ജ് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 89/22) | 376624 | തനത് ഫണ്ട് | 22101100/30.03.2022 | -- |
| 3 | മടത്തുർ ഫൂട്ട്ബ്രിഡ്ജ് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 102/22) | 246197 | തനത് ഫണ്ട് | 22101101/30.03.2022 | ഈ പദ്ധതിക്കായി വികസന ഫണ്ട്-പൊതുവിഭാഗത്തിൽ നിന്നും ചെലവഴിച്ച 115370/-രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 4 | മില്ലത്ത് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 106/22) | 814912 | തനത് ഫണ്ട് | 22100890/15.02.2022 | ഈ പദ്ധതിക്കായി വികസന ഫണ്ട്-പൊതുവിഭാഗത്തിൽ നിന്നും ചെലവഴിച്ച 340000/-രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 5 | പച്ചമ്പല ആയുർവേദിക് ഡിസ്പെൻസറി താജങ്കരി റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 113/22) | 588202 | തനത് ഫണ്ട് | 5865204/18.02.2022 | -- |
| 6 | ബിസി റോഡ് ചാകട്ടണ്ടി റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 115/22) | 766845 | തനത് ഫണ്ട് | 5865204/18.02.2022 | -- |
| 7 | മംഗൽപാടി ഓൾഡ് ജുമാ മസ്ജിദ് തോട്ട റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 127/22) | 449281 | ധനകാര്യ കമ്മീഷൻ അവാർഡ് | 22160940/05.032022 | -- |
| 8 | പഞ്ച മിനാർ റോഡ് (ഉത്തര ഘട്ട) കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 130/22) | 389505 | ധനകാര്യ കമ്മീഷൻ അവാർഡ് | 22101070/21.03.2022 | -- |
| 9 | സോങ്കൽ റിഫായിയ മസ്ജിദ് റോഡ് സൈഡ് കെട്ടൽ (പ്രൊജക്ട് നമ്പർ 181/22) | 280552 | തനത് ഫണ്ട് | 22101103/30.03.2022 | -- |
| 10 | മൂസോടി മലബാർ നഗർ ശിഹാബ തങ്ങൾ റോഡ്വികസനം (പ്രൊജക്ട് നമ്പർ 182/22) | 230736 | തനത് ഫണ്ട് | 22100822/21.01.2022 | -- |
| 11 | ബതിയാൽ മുതൽകളായി നരെ ഫൂട്ട് പാത്ത് (പ്രൊജക്ട് നമ്പർ 191/22) | 349518 | തനത് ഫണ്ട് | 22101054/31.03.2022 | -- |
| 12 | ഷിറിയ കുന്ന് വാട്ടർ ടാങ്ക് പുതിയങ്ങാടി റോഡ് സൈഡ് ഭിത്തി കെട്ടലും കൈവരിയും കൽവർട്ടും (പ്രൊജക്ട് നമ്പർ 196/22) | 74814 | തനത് ഫണ്ട് | 22101053/31.03.2022 | ഈ പദ്ധതിക്കായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും ചെലവഴിച്ച 500000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 13 | കണ്ടച്ചകട്ട പജീർ റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ | 386267 | തനത് ഫണ്ട് | 22100822/21.01.2022 | -- |

| | | | | | |
|---|---|---|---|---|---|
| | 202/22) | | | | |
| 14 | മണ്ണംകുഴി ഹിന്ദുസ്ഥാനി സ്കൂൾ ബാക്ക് സൈഡ് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 204/22) | 380072 | തനത് ഫണ്ട് | 22100812/17.01.2022 | -- |
| 15 | കൊപ്പലം തറവാട് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 205/22) | 340356 | തനത് ഫണ്ട് | 5865204/18.02.2022 | ഈ പദ്ധതിക്കായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും ചെലവഴിച്ച 250000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 16 | മട്ടംകുന്നിൽ മസ്ജിദ് എതിർവശം റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 206/22) | 99235 | തനത് ഫണ്ട് | 22101102/30.03.2022 | ഈ പദ്ധതിക്കായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും ചെലവഴിച്ച 200000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 17 | അയ്യൂർ പെരിങ്കോടി ജുമാ മസ്ജിദ് റോഡ് ഇന്റർലോക്ക് (പ്രൊജക്ട് നമ്പർ 211/22) | 834289 | തനത് ഫണ്ട് | 22101060/31.03.2022 | -- |
| 18 | നയാബസാർ പാക്കട്ട പിഎം റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 212/22) | 140365 | തനത് ഫണ്ട് | 22100876/15.02.2022 | -- |
| 19 | കദ്ക്കോടി സിഎച്ച് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 213/22) | 299135 | തനത് ഫണ്ട് | 22100812/17.01.2022 | -- |
| 20 | ബേക്കൂർ കാന റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 216/22) | 385185 | തനത് ഫണ്ട് | 22100812/17.01.2022 | -- |
| 21 | പ്രതാപ് നഗർ മൈതാനം റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 219/22) | 299601 | തനത് ഫണ്ട് | 22101098/30.03.2022 | -- |
| 22 | യാക്കൂബ് ഹാജി റോഡ് മുതൽ ബപ്പായിതൊട്ടി കടപ്പുറം ഡ്രൈനേജ് | 397811 | തനത് ഫണ്ട് | 22100875/15.02.2022 | -- |

| | | | | | |
|---|---|---|---|---|---|
| | (പ്രൊജക്ട് നമ്പർ 222/22) | | | | |
| 23 | ഷെയ്ക്ക് മുഹമ്മദ് റോഡ് മുതൽ യാക്കുബ് ഹാജി സ്രാങ്ക് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 223/22) | 399988 | തനത് ഫണ്ട് | 22100874/15.02.2022 | -- |
| 24 | പച്ചിലമപാറ എസ്.സി കോളനി റോഡ് ഇന്റർലോക്ക് (പ്രൊജക്ട് നമ്പർ 231/22) | 49660 | തനത് ഫണ്ട് | 22101055/31.03.2022 | -- |
| 25 | ബന്ദിയോട് മദ്രസ ബേക്ക് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 246/22) | 349532 | തനത് ഫണ്ട് | 22101106/30.03.2022 | -- |
| 26 | തജങ്ക മൂല റോഡ് കംപ്ലീഷൻ (പ്രൊജക്ട് നമ്പർ 248/22) | 199459 | തനത് ഫണ്ട് | 22101099/30.03.2022 | -- |
| 27 | ഗോൾഡൻ ഗള്ളി റോഡ് കംപ്ലീഷൻ (പ്രൊജക്ട് നമ്പർ 249/22) | 114603 | തനത് ഫണ്ട് | 22101058/31.03.2021 | -- |
| 28 | പഞ്ചായത്ത് ഓഫീസ് അയില ടെമ്പിൾ റോഡ് ഇംപ്രൂവ്മെന്റ് (പ്രൊജക്ട് നമ്പർ 253/22) | 27223 | തനത് ഫണ്ട് | 22101104/30.03.2022 | ഈ പദ്ധതിക്കായി മെയിന്റനൻസ് ഫണ്ട്-റോഡിൽ നിന്നും ചെലവഴിച്ച 630410/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 29 | മക്കി ഫസ്റ്റ്ക്രേസ് റോഡ് കൽവർട്ട് ഡവലപ്മെന്റ് (പ്രൊജക്ട് നമ്പർ 254/22) | 346306 | തനത് ഫണ്ട് | 22101060/31.03.2022 | -- |
| 30 | പച്ചിലമ്പാറ ലക്ഷം വീട് കോളനി മുതൽ റോഡ് കോൺക്രീറ്റ് പൂർത്തീകരണം (പ്രൊജക്ട് നമ്പർ 328/22) | 83832 | തനത് ഫണ്ട് | 22101052/31.03.2022 | -- |
| | ആകെ | 9749993 | | | |

മെഡിക്കൽ ഓഫീസർ -ഹോമിയോ ഡിസ്പെൻസറി നിർവഹണം ചെയ്ത് 2021-2022 വർഷത്തിൽ

യഥാർത്ഥത്തിൽ ചെലവഴിച്ചതും എന്നാൽ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട ാത്തതുമായ ചെലവിന്റെ വിവരം

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നമ്പർ. | ചെലവ് തുക | ഫണ്ട് | വൗച്ചർചെക്ക് നം/തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (പ്രൊജക്റ്റ് നമ്പർ 319/23) | 107991 | തനത് ഫണ്ട് | 22101094/29.03.2022 | -- |
| | ആകെ | 107991 | | | |

മെഡിക്കൽ ഓഫീസർ -പി.എച്ച്.സി നിർവഹണം ചെയ്ത 2021-2022 വർഷത്തിൽ യഥാർത്ഥത്തിൽ ചെലവഴിച്ചതും എന്നാൽ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട ാത്തതുമായ ചെലവിന്റെ വിവരം.

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നമ്പർ. | ചെലവ് തുക | ഫണ്ട് | വൗച്ചർ നം/തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ (പ്രൊജക്റ്റ് നമ്പർ 66/23) | 79085 | തനത് ഫണ്ട് | 22101108/30.03.2022 & 22101108/30.03.2022 | ഈ പദ്ധതിക്കായി വികസന ഫണ്ട്-പൊതുവിഭാഗത്തിൽ നിന്നും ചെലവഴിച്ച 795145/-രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| | ആകെ | 79085 | | | |

ഗ്രാമ പഞ്ചായത്ത് നടത്തിയ ചെലവുകൾ യഥാവിധി അക്കൗണ്ട് ചെയ്യാത്തിന് വിശദീകരണം ആവശ്യമാണ്. സാമ്പത്തികാസൂത്രണം ഫലപ്രദവും സുതാര്യവുമായി നിർവ്വഹിക്കുന്നതിനായി ഏർപ്പെടുത്തിയ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് സുലേഖ സോഫ്റ്റ് വെയർ. ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാതെ പോകുന്നത് സാമ്പത്തികാസൂത്രണത്തിലെ പാളിച്ചയാണ്. ആയത് ധനാപഹരണത്തിലേക്കും ധനദുർവിനിയോഗത്തിലേക്കും വഴിവെക്കാവുന്നതാണ് എന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

## 1-19 പ്രൊബേഷൻ കാലംദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ. ലതീഷ് കുമാർ.എൻ 22.08.2015 ന് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും നാളിതുവരെ ശ്രീ. ലതീഷ് കുമാർ.എൻ-ന്റെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ഇദ്ദേഹത്തിന്റെ സേവന പുസ്തകം പരിശോധിച്ചതിൽ പ്രൊബേഷൻ കാലംദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങിയതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 16 തിയതി 13.01.2023 പ്രൊബേഷൻ കാലംദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊബേഷൻ കാലംദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. പ്രൊബേഷൻ കാലംദീർഘിപ്പിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-20 അസിസ്റ്റന്റ് സെക്രട്ടറി- അനധികൃതമായി ജോലിക്ക് ഹാജരാകാത്ത കാലയളവ് ക്രമീകരിച്ചില്ല അപാകതകൾ

മംഗൽപാടി ഗ്രാമ പഞ്ചായത്തിലെ 2021, 2022 കാലയളവുകളിലെ ഹാജർപട്ടിക പരിശോധിച്ചതിൽ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ദിപീഷ്. പി.ടി, വിവിധ തിയതികളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. കൂടാതെ അനുവദനീയമായ പരിധിയിലും കൂടുതൽ ആകസ്മിക അവധികൾ എടുത്തതായി ഹാജർപട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

എ) ശ്രീ. ദിപീഷ്.പി.ടി , അസിസ്റ്റന്റ് സെക്രട്ടറിയായി ഗ്രാമ പഞ്ചായത്തിൽ ചുമതലയേറ്റത്

01-03-2021 നാണ് . ഓഫീസ് അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത തിയതിയിൽ ഇദ്ദേഹത്തിന്റെ കാഷ്വൽ ലീവ് അക്കൗണ്ടിൽ 17 കാഷ്വൽ ലീവുകകളാണ് അവശേഷിച്ചിരുന്നത്. തുടർന്ന് 31.12.2021 വരെയുള്ള കാലയളവിൽ ഇദ്ദേഹം 29 ആകസ്മിക അവധികൾ കൂടി എടുത്തതായി അറ്റന്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നു. 22.7.2021 ൽ തന്നെ ഇദ്ദേഹത്തിന്റെ ആകസ്മിക അവധി 20 എണ്ണം തികഞ്ഞിട്ടുള്ളതാണ്. 23/7/2021, 18/8/2021, 24/8/2021, 30/9/2021, 22/10/2021 12/11/2021, 24/12/2021, 27/12/2021, 28/12/2021, 29/12/2021, 30/12/2021, 31/12/2021 എന്നീ തിയതികളിൽ അധികമായി ആകസ്മിക അവധികൾ എടുത്തതായി കാണുന്നു. അതുപോലെ തന്നെ 2022 വർഷം 6/22 വരെയുള്ള കാലയളവിൽ ഇദ്ദേഹം 24 ആകസ്മിക അവധികൾ എടുത്തിട്ടുണ്ട് . 27/6/2022, 28/6/2022 29/6/2022, 30/6/2022 എന്നീ തിയതികളിൽ അധികമായി ആകസ്മിക അവധി എടുത്തിട്ടുള്ളതായി കാണുന്നു.

ബി) അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ.ദിപീഷ് പി.ടി അസിസ്റ്റന്റ് സെക്രട്ടറി 2021, 2022 വർഷങ്ങളിൽ വിവിധ ദിവസങ്ങളിൽ ഓഫീസിൽ ഹാജരാകാത്തതായി കാണുകയുണ്ടായി . പ്രസ്തുത ദിവസങ്ങൾ ഒരു തരത്തിലുമുള്ള അവധിയായി പരിഗണിച്ച് സെക്രട്ടറി ഉത്തരവായിക്കാണുന്നില്ല.

ഓഫീസിൽ ഹാജരാകാത്ത ദിവസങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

2021-

5/4/2021, 7/4/2021, 12/7/2021, 13/7/2021, 14/7/2021, 15/7/2021, 19/7/2021, 30/10/2021(A/N), 15/11/2021, 16/11/2021, 17/11/201 , 18/11/2011, 19/11/2021, 20/11/2021, 22/11/2021, 23/11/2021, 24/11/2021, 25/11/2021, 26/11/2021, 27/11/2021, 29/11/2021(A/N), 30/11/2021(A/N)

2022-

19/2/2022 (A/N), 24/5/2022, 11/7/2022, 12/7/2022, 13/7/2022, 14/7/2022, 15/7/2022, 16/7/2022, 29/7/2022, 30/7/2022, 01/8/2022, 2/08/2022, 3/8/2022, 4/8/2022 , 5/8/2022, 6/8/2022, 8/8/2022, 12/8/2022(A/N), 16/8/2022, 17/8/2022, 18/8/2022, 19/8/2022, 20/8/2022, 21/8/2022, 5/9/2022, 6/9/2022, 1/10/2022, 3/10/2022, 6/10/2022, 7/10/2022, 10/10/2022, 19/11/2022, 21/11/2022, 22/11/2022, 30/11/2022(A/N), 9/12/2022(A/N), 12/12/2022, 13/12/22, 17/12/2022 (A/N), 19/12/2022, 20/12/2022 , 31/12/2022(A/N)

2021 വർഷത്തിൽ അധികമായി എടുത്ത ആകസ്മിക അവധിയും, അനധികൃതമായി ഹാജരാകാത്ത ദിവസങ്ങളും ഉൾപ്പടെ കണക്കാക്കി മേൽ ജീവനക്കാരൻ ശമ്പളം കൈപ്പറ്റിയിട്ടുണ്ട്. 2022 വർഷത്തിൽ ജൂൺ മാസം വരെ ഇദ്ദേഹത്തിന് ശമ്പളം നൽകിയിട്ടുണ്ട്. ലീവ് ക്രമീകരിക്കാത്തതിനാൽ തുടർന്ന് ശമ്പളം നൽകിയിട്ടില്ല. മേൽ പരാമർശിച്ച ദിവസങ്ങൾ ഏതെങ്കിലും തരത്തിൽ അർഹതയുള്ള അവധിയായി പരിഗണിച്ച് ഉത്തരവായിട്ടില്ല. ഇക്കാര്യം കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ രേഖാമൂലം ധരിപ്പിച്ച് ഇദ്ദേഹം അനധികൃതമായി ഹാജരല്ലാത്ത ദിവസങ്ങളും, അധികമായി കണക്കാക്കിയ ആകസ്മിക അവധി ദിവസങ്ങളും ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അനുവദിക്കുന്ന അവധിയ്ക്കനുസരിച്ച് (LWA, ഹാഫ് പേ ലീവ്) ഇദ്ദേഹം കൈപ്പറ്റിയ ശമ്പളം തിരികെ ഈടാക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃത ഹാജരില്ലായ്മ അർഹതയുള്ള അവധിയായി പരിഗണിക്കുകയാണെങ്കിൽ പ്രസ്തുത കാലയളവിൽ ഉൾപ്പെടുന്ന പൊതു

അവധി ദിവസങ്ങളും അവധിയായി പരിഗണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ വകുപ്പ് തലത്തിൽ അന്വേഷണം നടത്താൻ ശുപാർശ ചെയ്യുന്നു. അന്വേഷണം നടത്തി സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-21 ജീവനക്കാരുടെ ആദായ നികുതി കണക്കാക്കിയിട്ടില്ല.

2,50,000/- രൂപയിൽ കൂടുതൽ വാർഷികവരുമാനമുള്ള ജീവനക്കാർ ആദായ നികുതി നിയമപ്രകാരം റിട്ടേൺ ഫയൽ ചെയ്യാൻ ബാധ്യസ്ഥരാണ്. ജീവനക്കാർക്ക് ഫെബ്രുവരി മാസത്തെ ശമ്പളം അനുവദിക്കുന്നതിന് മുമ്പ് ആകെ വരുമാനം കണക്കാക്കി ആദായ നികുതി ഈടാക്കേണ്ടവരുണ്ടെങ്കിൽ അവരുടെ ശമ്പളത്തിൽ നിന്നും നികുതി ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം ജീവനക്കാരുടെ വരുമാനം തിട്ടപ്പെടുത്തി ആദായ നികുതി ബാധ്യതകണക്കാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ആദായനികുതി ഇനത്തിൽ വൗച്ചർ നം. 22101043/ തി. 31.3.2022 പ്രകാരം 72,751/ രൂപ ആദായ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും ഇൻകം ടാക്സ് കാൽക്കുലേഷൻ പത്രിക വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. 2022 മാർച്ച് മാസം (ഫെബ്രുവരി മാസത്തെ) ഗ്രാമ പഞ്ചായത്തിൽ നിന്നും ശമ്പളം കൈപ്പറ്റിയ ജീവനക്കാരുടെ വരുമാനം കണക്കാക്കി, നികുതി ബാധ്യതയുള്ളവരുടെ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ വകുപ്പ് മുഖേന അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

1-22 ഐ.എസ്.ഒ സർവ്വലൈൻസ് ഓഡിറ്റ് അപാകത പരിഹരിക്കൽ -ദിവസവേതനം നൽകിയത് അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

ഐ.എസ്.ഒ സർവ്വലൈൻസ് ഓഡിറ്റ് അപാകത പരിഹരിക്കുന്നതിന് എന്ന രേഖപ്പെടുത്തലോടെ വിവിധ മാസങ്ങളിലായി ചുവടെ ചേർത്ത പ്രകാരം മസ്റ്റർ റോൾ അടിസ്ഥാനത്തിൽ ദിവസവേതനം നൽകിയിട്ടുണ്ട്.

| ക്രമനം. | വൗച്ചർനമ്പർ | തുക |
|---|---|---|
| 1 | 22100137/ 7/5/2021 | 15,000/- |
| 2 | 22100138/ 7/5/2021 | 25,000/- |
| 3 | 22100525/ 11/10/2021 | 37,500/- |
| 4 | 22100572/10/11/2021 | 12,500/- |
| 5 | 22100573/10/11/2021 | 18,000/- |
| 6 | 22100574/10/11/2021 | 19,500/- |
| 7 | 22100575/10/11/2021 | 11,500/- |
| 8 | 22100576/10/11/2021 | 6,500/- |
| 9 | 22100321/31/08/2021 | 16,000/- |
| | ആകെ | 1,61,,000/- |

മേൽ ചെലവുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകളും, വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

എ) ഐ.എസ്.ഒ സർവ്വലൈൻസ് ഓഡിറ്റ് അപാകത പരാമർശിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് ഗ്രാമ പഞ്ചായത്ത് നൽകിയ മറുപടി സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) ഐ.എസ്.ഒ സർവ്വലൈൻസ് ഓഡിറ്റിൽ സൂചിപ്പിച്ച അപാകത പരിഹരിക്കുവാൻ നിയുക്തമായ ഗ്രാമ പഞ്ചായത്തിലെ സെക്ഷന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സെക്ഷനിൽ ഈ കാലയളവിൽ ഉദ്യോഗസ്ഥരുടെ ഒഴിവുണ്ടായിരുന്നോ എന്നതിന്റെ വിശദാംശം പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്.

സി) ദിവസ വേതനം നിയമനം നടത്തി ചെയ്ത പ്രവൃത്തികളുടെ വിശദാംശം , ബന്ധപ്പെട്ട സെക്ഷൻ , സൂപ്പർ വൈസിംഗ് ഓഫീസർ , സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഭരണസമിതി തീരുമാനങ്ങൾ , സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഡി) ഐ.എസ്.ഒ മാനദണ്ഡപ്രകാരമുള്ള എന്തൊക്കെ സേവനങ്ങളാണ് ഗ്രാമ പഞ്ചായത്ത് പൊതുജനങ്ങൾക്കും, ബന്ധപ്പെട്ട മറ്റ് സർക്കാർ വകുപ്പുകൾക്കും, ഏജൻസികൾക്കും നൽകുന്നത് എന്നത് സംബന്ധിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
മേൽ പരാമർശിച്ച രേഖകളുടേയും വിശദാംശങ്ങളുടേയും അഭാവത്തിൽ ചെലവ് തുക 1,61,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-23 പൊതു ടാപ്പുകളുടെ വെള്ളക്കരം - യഥാസമയം ഒടുക്കുന്നില്ല -കുടിശ്ശികയും പിഴയും വർദ്ധിക്കുന്നു -ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഗുരുതര വീഴ്ച.

ഗ്രാമപഞ്ചായത്തിൽ 121 പൊതു ടാപ്പുകളാണുള്ളത് . വാട്ടർ അതോറിറ്റി അധികൃതർ നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം, പിഴ എന്നീ ഇനങ്ങളിൽ 31.3.2021 കുടിശ്ശികയായി ഉണ്ടായിരുന്ന തുക 1,88,422/- രൂപയാണ്. 2021-22 വാർഷം പ്രതിമാസം 55589/- രൂപ വീതം 6,67,068/- രൂപ ഒടുക്കേണ്ടിയിരുന്നവെങ്കിലും 4,44,712/- രൂപയാണ് വിവിധ വൗച്ചറുകൾ പ്രകാരം ഒടുക്കിയിട്ടുള്ളത്. തനത് ഫണ്ട് മിച്ചമുള്ള ഗ്രാമ പഞ്ചായത്ത് പ്രതിമാസം ഒടുക്കേണ്ട വെള്ളക്കരം ഒടുക്കാത്തതിനാൽ കുടിശ്ശിക തുകയും , പിഴ സംഖ്യയും വർദ്ധിച്ച് ജല അതോറിറ്റി നൽകിയ സ്റ്റേറ്റ് മെന്റ് പ്രകാരം പ്രകാരം 30/4/2022 ൽ കുടിശ്ശിക ഡിമാന്റ് തുക 5,00,875/- രൂപയായി വർദ്ധിച്ചിരുന്നു. എന്നാൽ തുടർന്ന് 2022 ഡിസംബർ മാസം വരെയുള്ള മാസങ്ങളിൽ ഒടുക്കേണ്ട പ്രതിമാസ വെള്ളക്കരം ഒടുക്കാതെ 31.12.2022 ൽ ആകെ കുടിശ്ശിക 11,51,774 രൂപയായി വർദ്ധിക്കുകയുണ്ടായി. വാട്ടർ അതോറിറ്റി അധികൃതർ നൽകിയ 2022 ഡിസംബർ മാസത്തെ ബിൽ പ്രകാരം പ്രസ്തുത മാസം മാത്രം ഫൈൻ ഇനത്തിൽ ഒടുക്കേണ്ടതുക 21,057/- രൂപയാണ്. പ്രതിമാസ ബിൽ തുകയുടെ പകുതി തുകയോളം പിഴ ഇനത്തിൽ ഒടുക്കേണ്ട ഗുരുതര സാഹചര്യമാണ് നിലവിലുള്ളത്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഇക്കാര്യത്തിൽ ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ട്. വെള്ളക്കരം കുടിശ്ശികയുണ്ടാകുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/16.01.2023) ഗ്രാമ പഞ്ചായത്ത് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രവൃത്തന രഹിതമായ വാട്ടർകണക്ഷൻ ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുവാനുള്ള നടപടിയും ഗ്രാമ പഞ്ചായത്തിൽ നിന്നും സ്വീകരിച്ചിട്ടില്ല.

വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് ഈ വിഷയം പരിശോധിച്ച് കുടിവെള്ള കണക്ഷനുകളുടെ കൃത്യത ഉറപ്പുവരുത്തി കുടിശ്ശികയിനത്തിലെ യഥാർത്ഥ ഡിമാന്റ് തുക ഒടുക്കേണ്ടതും പിഴയിനത്തിൽ കുടിശ്ശിക വന്ന തുക കണക്കാക്കി വെള്ളക്കരം യഥാസമയം ഒടുക്കുന്നതിൽ വീഴ്ചവരുത്തിയ സെക്രട്ടറിമാരിൽ നിന്നും ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

### 1-24 കോവിഡ് ക്വാറന്റീൻ സെന്റർ ഭക്ഷണചെലവ് നൽകിയത് - തദ്ദേശ സ്വയംഭരണ- ആരോഗ്യ വിഭാഗങ്ങളുടെ പരിശോധന സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

കോവിഡ് ക്വറന്റീൻ സെന്ററിലെ ഭക്ഷണ ചെലവ് ഇനത്തിൽ ജനകീയ ഹോട്ടൽ ഉപ്പള , ത്രിഭുവൻ ഹോട്ടൽ ഉപ്പള എന്നിവയ്ക്ക് 2021-22 വർഷം ചുവടെ ചേർത്ത വൗച്ചറുകൾ പ്രകാരം 2,44,600/- രൂപ നൽകിയിട്ടുണ്ട്.

| ക്രമനം. | വൗച്ചർനമ്പർ | തുക | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 22100143/ 17/5/2021 | 18,000/- | 8/5/2021 മുതൽ 16/5/2021 വരെ ഭക്ഷണ ചെലവ് -ജനകീയ ഹോട്ടൽ ഉപ്പള |
| 2 | 22100161/ 27/5/2021 | 26,245/- | - ടി - 17/5/2021 മുതൽ 27/5/2021 വരെ |
| 3 | 22100190/ 02/06/2021 | 39,725/- | - ടി - 24/5/2021 മുതൽ 31/5/2021 വരെ |
| 4 | 22100225/24/6/2021 | 11,600/- | - ടി - 1/6/2021 മുതൽ 6/6/2021 വരെ |
| 5 | 22100226/14/07/2021 | 26,120/- | - ടി - 7/6/2021 മുതൽ 13/6/2021 വരെ |
| 6 | 22100312/31/8/2021 | 28,050/- | - ടി - 14/6/2021 മുതൽ 20/6/2021 വരെ |
| 7 | 22100313/31/08/2021 | 24,690/- | - ടി - 21/6/2021 മുതൽ 30/6/2021 വരെ |
| 8 | 22100439/30/09/2021 | 40,400/- | - ടി - 01/7/2021 മുതൽ 31/7/2021 വരെ |
| 9 | 22100440/30/09/2021 | 9,875/- | - ടി - 01/08/2021 മുതൽ 31/08/2021 വരെ |
| 10 | 22100543/30/10/2021 | 6,680/- | - ടി - 01/09/2021 മുതൽ 30/09/2021 വരെ |
| 11 | 22100357/01/9/2021<br>22100421/08/9/2021 | 9,975/-<br>3,240/- | ഹോട്ടൽ ത്രിഭുവൻ ഉപ്പള 5/21, 6/21, 7/21, 8/21 മാസങ്ങളിലെ ഭക്ഷണചെലവ് |
| | ആകെ | 2,44,600/- | |

എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ (139/22) എന്ന പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും മേൽ പ്രകാരമുള്ള തുക പ്രസ്തുത പ്രൊജക്ട് ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) ഹോട്ടൽ അധികൃതർ നൽകിയ ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക നൽകിയിരിക്കുന്നത്, ക്വാറന്റീൻ കേന്ദ്രം ചുമതലയുള്ള ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥരോ , ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരോ, സി.എച്ച്.സി മെഡിക്കൽ ഓഫീസറോ , ക്വാറന്റീൻ കേന്ദ്രത്തിലെ അന്തേവാസികളുടെ എണ്ണം സംബന്ധിച്ച് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ , ചെലവ് ശുപാർശ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,44,600/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 മഴക്കാല പൂർവ്വ ശുചീകരണം -നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു.

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ(ആർ.ടി) നം.1052/21/എൽ.എസ്.ജി.ഡി തിയതി 27-5-2021 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം , ശുചിത്വ മിഷൻ വിഹിതം എന്നിവ മെഡിക്കൽ ഓഫീസർ മുഖേന വാർഡ് തല ആരോഗ്യ ശുചിത്വ സമിതി അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ഉത്തരവാദപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ, വാർഡ് കൺവീനർമാർ എന്നിവരുടെ നിരീക്ഷണത്തിലാണ് തുക ചെലവഴിക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ 1,2,3,4,5,10,13,16,14,17 വാർഡുകളിൽ 29/6/21, 30/6/2021 തിയതികളിൽ ഓടകൾ വൃത്തിയാക്കിയ വകയിൽ തനിക്ക് ചെലവായ 50,000/- രൂപ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് 14/7/2021 ന് കത്ത് നൽകുകയും വൗച്ചർ നം.22100292/31.08.2021 പ്രകാരം 50,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ മസ്റ്റർ റോൾ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഭരണ സമിതി അംഗീകാരം ലഭ്യമായതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. ആയതുവരെ 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 പ്രൊജക്ടിൽ വകയിരുത്തിയ വികസന ഫണ്ട് /ധനകാര്യക്കമ്മീഷൻ ഗ്രാന്റിന് പകരം തനത് ഫണ്ട് ചെലവഴിച്ചു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളിൽ വികസന ഫണ്ട്, ധനകാര്യക്കമ്മീഷൻ വിഹിതം വകയിരുത്തിയ ചില പദ്ധതികളിൽ അവയ്ക്ക് പകരം തനത് ഫണ്ടിൽ

നിന്നും തുക ചെലവഴിച്ചതായി കാണുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമനം | പദ്ധതി | അടങ്കൽ /ഫണ്ട് | ചെലവഴിച്ച തുക | വൗച്ചർ നം |
|---|---|---|---|---|
| 1 | 126/22 ഓക്സിജൻ പ്ലാന്റ് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 4,00,000/- ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 4,00,000/- തനത് ഫണ്ട് ( LGTSB) | 22100710/ 16/12/2021 |
| 2 | 31/22 ഐ.കെ.എം. വിഹിതം നൽകൽ | 1,52,608/- വികസന ഫണ്ട് ജനറൽ | 1,18,120/- തനത് ഫണ്ട് ( LGTSB) | 22100740/ 30/12/2021 |
| 4 | 272/22 ഷിറിയ റെയിൽവേ അടിപ്പാത ഗ്രാമ പഞ്ചായത്ത് വിഹിതം | 8,57,710/- വികസനഫണ്ട് | 8,57,710/- തനത് ഫണ്ട് ( LGTSB) | 22100681/ 15/12/2021 |

വികസന ഫണ്ട് ഇനത്തിൽ 79 ലക്ഷത്തോളം രൂപ ചെലവഴിക്കാതെ തൻവർഷം ലാപ്സായിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതിയിൽ അംഗീകരിച്ച ഫണ്ട് സ്രോതസ്സുകളായ വികസന ഫണ്ട് /ധനകാര്യക്കമ്മീഷൻ ഗ്രാന്റ് എന്നിവയ്ക്ക് പകരം പ്രൊജക്ടിൽ ഭേദഗതി വരുത്താതെ തനത് ഫണ്ട് വിനിയോഗിച്ചതു വഴി ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ട് . ഇത്തരത്തിൽ ഗുരുതരമായ അപാകത സംഭവിക്കുവാനുള്ള സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 /13.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച പ്രൊജക്ടിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിക്കുവാനുള്ള സാഹചര്യം സംസ്ഥാന തല വികേന്ദ്രീകൃതാസൂത്രണ സമിതിയെ ധരിപ്പിച്ച് സാധൂകരണ ഉത്തരവ് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

സ്പിൽ ഓവർ പദ്ധതിയായ തെരുവ് വിളക്ക് സ്ഥാപിക്കൽ (159/2021-22) പദ്ധതി പ്രകാരം 1440000/- രൂപ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് . 2020-21 വർഷം 1250 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിൽ 800 തെരുവ് വിളക്കുകളുടെ തുക തൻവർഷം നൽകിയിരുന്നുവെന്നും അവശേഷിച്ച 450 എണ്ണത്തിന്റെ വില നല്കണമെന്ന കമ്പനിയുടെ 29.11.2021 ലെ കത്തിന്റെ അടിസ്ഥാനത്തിൽ (സിൽക്ക്/45/സിഒ/ക്യൂ/എസ്/എഫ്/സി ഡി/21-22/885) വൗച്ചർ നം 22101042/30.3.2022 പ്രകാരം തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലും നടപടിക്രമങ്ങൾ പാലിക്കുന്നതിലും ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

എ) ടെണ്ടർ നടപടികൾ കൂടാതെ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങാമെന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പോ , തദ്ദേശ സ്വയംഭരണ വകുപ്പോ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചു കൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ സ.ഉ (പി) 77/19 തിയതി 4/7/2019 ന്റെ അനുബന്ധ പട്ടികയിൽ സ്റ്റീൽ സ്ട്രക്ച്ചറുകളുടെ ഡിസൈൻ ഫാബ്രിക്കേഷൻ, ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ എന്നിവ മേൽ സ്ഥാപനത്തിന് ഏറ്റെടുക്കാമെന്ന് പറയുന്നുണ്ട്. തെരുവ് വിളക്കുകളുടെ വിതരണം സംബന്ധിച്ച് പരാമർശമില്ല.

ബി) വിതരണം ചെയ്ത തെരുവ് വിളക്കുകൾ മേൽ സ്ഥാപനം നിർമ്മിച്ചവയാണോ എന്നത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) തെരുവ് വിളക്കുകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ഇൻവോയ്സുകള്, തുക കൈപ്പറ്റിയതിന് സ്ഥാപനം നൽകുന്ന കൈപ്പറ്റ് രസീതി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) പദ്ധതി പ്രകാരം ആകെ വാങ്ങിയ 1250 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച കെ.എസ്.ഇ.ബി യുടെയും, വാർഡ് മെമ്പർമാരുടേയും സിൽക്ക് അധികൃതരുടേയും പോസ്റ്റ് നമ്പർ, സഹിതമുള്ള സാക്ഷ്യപത്രം, മോണിറ്ററിംഗ് സമിതി സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഡി) വാർഡ് മെമ്പർമാരുടെ സാന്നിധ്യത്തിൽ ഗ്രാമ പഞ്ചായത്തിലെ , 3,4,5,11,13,14,20,23, വാർഡുകളിൽ

ജോയിന്റ് വെരിഫിക്കേഷൻ നടത്തി 434 തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി കെ.എസ്.ഇ.ബി അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ ഏത് പദ്ധതി പ്രകാരം സ്ഥാപിച്ചവയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം 11/13.1.2023 പ്രകാരം അധികൃതരെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ പദ്ധതിയ്ക്കായി നടത്തിയ 14,40,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 1-28 ഗ്രാമ പഞ്ചായത്തിലേയ്ക്ക് ശബ്ദരഹിത ജനറേറ്റർ വാങ്ങൽ 4,98,000/ - രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

2021-22 വർഷം വാർഷിക പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലേയ്ക്ക് ശബ്ദരഹിത ജനറേറ്റർ (പ്രൊനം.265/21-22) വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്നും 4,99,000/- രൂപ വകയിരുത്തിയിരുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ സുലേഖ ചെലവ് പത്രിക പ്രകാരം പ്രസ്തുത പദ്ധതിയിൽ ചെലവ് രേഖപ്പെടുത്തിയിരുന്നില്ല. എന്നാൽ വൗച്ചർ നം 22101111/- 31.3.2022 പ്രകാരം 4,98,000/- രൂപ അസിം ഡിസൈനേഴ്സ് കോഴിക്കോട് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത വൗച്ചർ ഒഴികെ ചെലവുമായി ബന്ധപ്പെട്ട യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച പ്രൊജക്ട് റിപ്പോർട്ട് , ടെണ്ടർ രേഖകൾ, ഭരണസമിതി തീരുമാനം , പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, എഗ്രിമെന്റ് , പർച്ചേസ് ബില്ലുകൾ , തുക കൈപ്പറ്റ് രസീതി , തുടങ്ങി ചെലവുമായി ബന്ധപ്പെട്ട യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിത രേഖകളുടെ അഭാവത്തിൽ പദ്ധതി പ്രകാരമുള്ള 4,98,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി വകുപ്പ് തല/വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. (ഓഡിറ്റ് റിക്വിസിഷൻ നം.9/13.1.2023)

## 1-29 ഷിറിയ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മാണം റെയിൽവേയ്ക്ക് തുക കൈമാറിയത് -പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

2021-22 വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതി പ്രകാരം (പ്രൊജക്ട് നം.272/2021-22) തനത് ഫണ്ടിൽ നിന്നും 21,71,487/- രൂപ ചുവടെ ചേർത്ത പ്രകാരം ദക്ഷിണ റെയിൽവേ പാലക്കാട് ഡിവിഷന് കൈമാറിയിട്ടുണ്ട്. ദക്ഷിണ റെയിൽവേ പാലക്കാട് ഡിവിഷൻ മാനേജരുടെ 21/5/2021 ലെ J/w352/kgq നമ്പർ കത്തിൽ മേൽ പ്രവൃത്തിയ്ക്കായുള്ള സെന്റേജ് ചാർജ്ജ് ഇനത്തിൽ 21,71,487/- രൂപ ഒടുക്കണമെന്ന നിർദ്ദേശ പ്രകാരമാണ് തുക ഓടുക്കിയിട്ടുള്ളത്

| വൗച്ചർ നം .തിയതി | തുക |
|---|---|
| 22100681/15/12/2021 | ₹8,57,710/- (തനത്ഫണ്ട്) |
| 22100709/16/12/2021 | ₹12,89,290/- (തനത്ഫണ്ട്) |
| 22100827/5/2/2022 | ₹24,487/- (തനത്ഫണ്ട്) |
| ആകെ | 21,71,487/- |

പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതിയുട ആകെ അടങ്കൽ, വിഭവ സ്രോതസ്സ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല

ബി) പദ്ധതി സംബന്ധിച്ച് റെയിൽവേ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

സി) പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച് റെയിൽവേ അധികൃതരിൽ നൽകുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഡി) പദ്ധതിയ്ക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറുന്നതിന് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2171487/- രൂപ അടങ്കലുള്ള പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും 8,57,710/- രൂപയും അവശേഷിച്ച തുക തനത് ഫണ്ടിൽ നിന്നുമാണ് വകയിരുത്തിയിരുന്നത് . എന്നാൽ വികസനഫണ്ടിൽ നിന്നും വകയിരുത്തിയ 857710/- രൂപയുൾപ്പടെ മൊത്തം തുകയും തനത് ഫണ്ടിൽ നിന്നുമാണ് റെയിൽവേയ്ക്ക് നൽകിയത്. പ്രൊജക്ടിൽ അംഗീകരിച്ചതിന് വിരുദ്ധമായി മൊത്തം തുകയും തനത്ഫണ്ടിൽ നിന്നും അനുവദിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

ഇ) പദ്ധതിയ്ക്കായി 21,71,487/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖാ ചെലവ് പത്രികയിൽ 12,89,290/- രൂപയുടെ ചെലവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽപരാമർശിച്ച രേഖകളും വിശദീകരണങ്ങളും ലഭ്യമാക്കുന്നതുവരെ റെയിൽവേയ്ക്ക് കൈമാറിയ 21,71,487/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ജലജീവൻ മിഷന് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

പ്രൊജക്ട് നം . 286/22 പ്രകാരം ജല ജീവൻ മിഷൻ ഗ്രാമ പഞ്ചായത്ത് വിഹിതം ഇനത്തിൽ 2,18,000/- രൂപ വികസന ഫണ്ടിൽ നിന്നും കൈമാറിയിട്ടുണ്ട്. (ബിൽ.നം. 21200600000012803 തിയതി. 30.03.2022) . 2024 വർഷത്തോടു കൂടി ഗ്രാമീണ മേഖലയിൽ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിപ്രകാരം ഗ്രാമ പഞ്ചായത്തിൽ 5240 കുടിവെള്ള കണക്ഷൻ നല്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 30.11.2020 ലെ ഡി2/14608/ജെ.ടി.എം/എം,പി/2020 നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ത്രികക്ഷി കരാർ ഗ്രാമ പഞ്ചായത്ത് ഒപ്പിട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എ) പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ/ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശം , പ്രായോഗികത , നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട്

ബി) ഗ്രാമ പഞ്ചായത്ത് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം

മേൽ പരാമർശിച്ച രേഖകളുടേയും വിശദീകരണങ്ങളുടേയും അഭാവത്തിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ 2,18,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 നിക്ഷേപ പ്രവൃത്തികൾക്ക് തുക കൈമാറിയത് - കരാറുടമ്പടി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി , ഭൂജലവകുപ്പിൽ ചുവടെ ചേർത്ത പ്രകാരം 27,61,511/- രൂപ 2021-22 വർഷം ഗ്രാമ പഞ്ചായത്ത് നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക |
|---|---|---|---|
| ഭൂജല വകുപ്പ് കാസറഗോഡ് | പ്രൊ.നം.352/22 ബന്ദിയോട് എം.എസ് റോഡ് കുടിവെള്ള പദ്ധതി | വൗച്ചർ നം.22101038/31.3.2022 | 3,24,000 |
| ഭൂജല വകുപ്പ് കാസറഗോഡ് | പ്രൊ.നം.351/22 പാച്ചാണി കുടിവെള്ള പദ്ധതി | വൗച്ചർ നം. 22101039 31.03.2022 | 8,12,000 |
| | | ആകെ | 11,36,000/- |

മേൽ പദ്ധതികൾ പ്രകാരം തുക നിക്ഷേപിക്കുന്നതിന് മുമ്പ് നിർവ്വഹണ ഏജൻസികളുമായി ഒപ്പുവെച്ച

കരാർ ഉടമ്പടി (സ.ഉ (കൈ(നം.11/2018 തസ്വഭവ തിയതി.29.01.2018 ഖ.11.2.3ഡി2) , പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിത രേഖകളുടെ അഭാവത്തിൽ മേൽപ്രകാരം നിക്ഷേപിച്ച 11,36,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് റിക്വിസിഷൻ നം.6/തിയതി 11.01.2023)

## 1-32 പഞ്ചായത്ത് ഓഫീസ് കാബിൻ നെറ്റ് വർക്കിംഗ് & വയറിംഗ് -കൃത്യമായ രേഖകൾ ഇല്ലാതെ തുക അനുവദിച്ചു.

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

പഞ്ചായത്ത് ഓഫീസ് കാബിൻ നെറ്റ് വർക്കിംഗ് &വയറിംഗ് (പ്രൊ.നം158/22) പ്രകാരം തനത് ഫണ്ടിൽ നിന്നും വൗച്ചർ നം22101126/30.03.2022 പ്രകാരം 67,506 രൂപ ടി.എ എഞ്ചിനിയറിംഗ് കാസറഗോഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് . 2017-18 വർഷം ആവിഷ്കരിച്ച പദ്ധതി വിവിധ വർഷങ്ങളിലായി സ്പിൽ ഓവറായി തുടർന്നെങ്കിലും ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തുക നൽകിയിരുന്നില്ലായെന്ന് ബന്ധപ്പെട്ട സെക്ഷൻ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ കൃത്യത ഉറപ്പുവരുത്താതെയാണ് തുക ചെലവ് ചെയ്തിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

എ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പി.ഡബ്ല്യൂ.ഇലക്ട്രിക്കൽ ഡിവിഷൻ 29/11/2018 ന് നൽകിയ കത്തിൽ 15/9/2018 ൽ ആരംഭിച്ച പ്രവൃത്തി 30/9/2018 ൽ പൂർത്തീകരിച്ചതായും 17/10/2018 ന് അളവ് രേഖപ്പെടുത്തിയതായും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ എം.ബുക്ക് പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്ന പേജിൽ (നം.453) എം.ബുക്ക് ഇഷ്യൂ ചെയ്ത തിയതിയായി രേഖപ്പെടുത്തിയത് 6/03/2020 എന്നാണ് .

ബി) പ്രവൃത്തിക്കായി ടെണ്ടർ പ്രസിദ്ധപ്പെടുത്തിയതിന്റെ രേഖകൾ, ലഭിച്ച ടെണ്ടറുകൾ , ഭരണ സമിതി തീരുമാനം, എന്നിവ ഫയലിൽ ലഭ്യമല്ല. ഹാരീസ് ടി.എ എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടർ നൽകിയ ടെണ്ടറിന്റെയും, കരാറിന്റെയും പകർപ്പ് മാത്രമാണ് ഫയലിൽ ഉള്ളത് . ടെണ്ടർ രേഖകളുടെ അസ്സൽ ഹാജരാക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ഇക്കാര്യങ്ങൾ ബന്ധപ്പെട്ട സെക്ഷൻ നോട്ട് ഫയലിൽ സൂചിപ്പിച്ചിട്ടും പ്രസ്തുത അപാകതകൾ പരിഹരിക്കാതെ തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് പരാമർശിത രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ് . ആയതുവരെ ചെലവ് തുക 67,506/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി.നം . 28 / തിയതി. 17-01-2023)

## 1-33 കുബണൂർ മാലിന്യ സംസ്കരണ പ്ലാന്റിൽ കെട്ടിക്കിടക്കുന്ന അജൈവ മാലിന്യ ശേഖരം നീക്കം ചെയ്യുന്നതിനുള്ള പദ്ധതി- നടപടിക്രമങ്ങൾ പലിക്കാതെ തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ കുബണൂർ മാലിന്യ സംസ്കരണ പ്ലാന്റിൽ കെട്ടിക്കിടക്കുന്ന അജൈവ മാലിന്യ ശേഖരം നീക്കം ചെയ്യുന്നതിനുള്ള പദ്ധതിപ്രകാരം (പ്രൊ.നം 138/22) 15,00,000/-രൂപ (തനത് ഫണ്ട്) ഷബീർ തലപ്പാടി അബ്ബാസ് എന്നയാൾക്ക് കൈമാറിയിട്ടുണ്ട് . പദ്ധതി രൂപീകരണത്തിലും, നടത്തിപ്പിലും നടപടിക്രമങ്ങൾ പാലിക്കാത്തതായി ലഭ്യമായ രേഖകളുടെ പരിശോധനയിൽ കാണുകയുണ്ടായി . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 10-3-2021 ലെ 1(1) നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം കെട്ടിക്കിടക്കുന്ന മാലിന്യ ശേഖരം നീക്കം ചെയ്യുന്നതിന് അംഗീകൃത കമ്പനികളെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് 12/4/2021 ലെ എ2/4150/2020 നമ്പർ പ്രകാരം ടെണ്ടർ ക്ഷണിച്ചു. കാരവൽ, മാതൃഭൂമി ദിനപത്രങ്ങളിലാണ് പരസ്യം പ്രസിദ്ധപ്പെടുത്തിയത്. പരസ്യത്തിൽ മാലിന്യ പ്ലാന്റിൽ ഭൂനിരപ്പിൽ സ്ഥിതി ചെയ്യുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് ടൺ നിരക്കിൽ ടെണ്ടർ ക്ഷണിക്കുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക

പദ്ധതിയിൽ പ്രൊജക്ടിന് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് ടെണ്ടർ നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയ ഓഫീസ് നോട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രൊജക്ട് വെറ്റിംഗിനായി പെർഫോമൻസ് ഓഡിറ്റ് വിങ്ങിന് അയച്ചിരുന്നുവെങ്കിലും പദ്ധതി സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനും , ജില്ലാ ശുചിത്വ സമിതിയിലെ വിദഗ്ദരുടെ റിപ്പോർട്ട് സഹിതം പുനർ സമർപ്പിക്കണമെന്ന നിർദ്ദേശിച്ച് തിരിച്ചയച്ചിരുന്നുവെങ്കിലും മഞ്ചേശ്വരം ബി.ഡി ഒ മുഖേന വെറ്റിംഗ് നടത്തുകയാണുണ്ടായതെന്നും ഓഫീസ് നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകരിച്ച പ്രൊജക്ട് റിപ്പോർട്ട് പ്രകാരം 22/10/2021നാണ് ബി.ഡി.ഒ പ്രൊജക്ട് വെറ്റിംഗ് നടത്തിയിട്ടുള്ളത്. പ്രൊജക്ട് അംഗീകാരം നേടുന്നത് സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ നിർദ്ദേശം പാലിച്ചിട്ടില്ലയെന്ന് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-1 സൂപ്പർ വൈസറുടെ 7-5-2022 ലെ പി.എ.യു1/135 /2022/എസ്.സി2/ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. വാർഷിക പദ്ധതിപ്രകാരം പ്രൊജക്ടിന്റെ അടങ്കൽ 85,00,000/- രൂപ യാണ് ( 5236000 സി.എഫ്.സി & 3264000 തനത്ഫണ്ട്). എന്നാൽ ഭീമമായ തുക അടങ്കലുള്ള പ്രവൃത്തിക്ക് ഇ-ടെണ്ടർ നടത്തിയിട്ടില്ല.

2) ടെണ്ടർ ക്ഷണിക്കുന്നതിനുമുന്നേ , തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗത്തെയോ , മലിനീകരണ നിയന്ത്രണ എഞ്ചിനിയറിംഗ് വിഭാഗത്തേയോ നിയോഗിച്ച് മാലിന്യത്തിന്റെ അളവ് കണക്കാക്കിയിട്ടില്ല. കേരള സ്റ്റേറ്റ് മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതർ 9-4-2021 കുബണൂർ മാലിന്യ പ്ലാന്റ് സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് നൽകിയിരുന്നു. പ്ലാന്റ് ആധുനിക രീതിയിൽ നിർമ്മിച്ചിട്ടിട്ടുണ്ടെങ്കിലും മാലിന്യ നീക്കം മന്ദഗതിയിൽ ആണെന്നും കൂടുതൽ ജീവനക്കാരെയും , ബെയിലിംഗ് മെഷീനുകളും സ്ഥാപിച്ച് മഴക്കാലത്തിന് മുമ്പേ മാലിന്യം നീക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു.

3) ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 10.3.2021 ലെ 1(2) നമ്പർ തീരുമാനം പ്രകാരം കബണൂർ മാലിന്യ പ്ലാന്റിൽ നിറഞ്ഞ് കിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് പര്യാപ്തമായ കമ്പനികളിൽ നിന്നും ടെണ്ടർ ക്ഷണിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ കമ്പനികൾക്ക് പകരം വ്യക്തികളാണ് ടെണ്ടർ നൽകിയിരുന്നത് . ഭരണ സമിതി തീരുമാനം പാലിക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല.

12/4/2021 ലെ എ2/4150/2020 നമ്പർ പ്രകാരം ടെണ്ടർ ക്ഷണിച്ചത് പ്രകാരം 3 പേരാണ് ടെണ്ടർ സമർപ്പിച്ചത് എസ്.എം.ഹമീദ് ₹ 2600/ടൺ, യൂസഫ് ₹2900/ടൺ, ഷബീർ തലപ്പാടി അബ്ബാസ് ₹3500/-ടൺ ഇതനുസരിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28/4/2021 ലെ എ2/4150/2020 നമ്പർ കത്ത് പ്രകാരം എസ്.എം ഹമീദ് എന്നയാൾക്ക് വർക്ക് ഓർഡർ നൽകി . കരാർ ഉടമ്പടിയ്ക്കായി 27/4/2021 ൽ മുദ്രപത്രം ഹാജരാക്കിയെങ്കിലും ഇദ്ദേഹവുമായി കരാർ ഉടമ്പടി തയ്യാറാക്കിയിട്ടില്ല. ടെണ്ടർ അംഗീകരിച്ചത് സംബന്ധിച്ച ഭരണ സമിതി തീരുമാനവും ഫയലിൽ ലഭ്യമല്ല.

4) തുടർന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 16/8/2021 ൽ ഷബീർ അഹമ്മദ് തലപ്പാടി എന്നയാളുടെ പേരിൽ പുതുക്കിയ വർക്ക് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത വ്യക്തിയെ ഒഴിവാക്കി (₹2600/ടൺ) , ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത വ്യക്തിക്ക് (₹3500), നിരക്കിൽ ഭേദഗതി വരുത്തി (₹2750/- ടൺ) പ്രവൃത്തി ഏൽപിക്കുവാനുണ്ടായ സാഹചര്യം ഫയലിൽ നിന്നും വ്യക്തമല്ല. ഇതിന് ഭരണ സമിതിയുടെ അംഗീകാരം ലഭ്യമായും കാണുന്നില്ല. പുതിയ വർക്ക് ഓർഡറിൽ തുക വിശദമാക്കിയിട്ടുമില്ല.

5) പുതുക്കിയ വർക്ക് ഓർഡർ നൽകിയിട്ടുള്ളത് ഷബീർ അഹമ്മദ് തലപ്പാടി എന്നയാൾക്കാണെങ്കിലും , ഷബീർ തലപ്പാടി അബ്ബാസ് എന്നയാൾ വൈറ്റ് റോസ് ഡിസ്ട്രിബ്യൂട്ടേഴ്സ് തെക്കോട്ടു എന്ന സ്ഥാപനത്തിന്റെ ലെറ്റർപാഡിൽ 19/9/2021 മുതൽ 29/11/2021 വരെയുള്ള കാലയളവിൽ 14.61 ലക്ഷം കി.ഗ്രാം പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തതിന് 2.75 ലക്ഷം രൂപ പ്രകാരം 40,19,647/- രൂപ നൽകണമെന്ന അപേക്ഷ നൽകിയിട്ടുണ്ട്. ഷബീർ തലപ്പാടി അബ്ബാസ് ടണ്ണിന് 3500/- പ്രകാരമാണ് ക്വാട്ട് ചെയ്തത് . എന്നാൽ ടണ്ണിന് 2750/-രൂപ നിരക്കിൽ നീക്കം ചെയ്ത മാലിന്യത്തിനുള്ള പ്രതിഫലം നൽകണമെന്ന് അപേക്ഷ നൽകിയിരിക്കുന്നു. ഇദ്ദേഹവുമായി നെഗോഷിയേഷൻ നടത്തിയത്

സാധൂകരിക്കുന്ന രേഖകൾ ഒന്നുംതന്നെ ഫയലിൽ ലഭ്യമല്ല. ഈ അപാകതകൾ ബന്ധപ്പെട്ട സെക്ഷനും അക്കൗണ്ടന്റും സൂചിപ്പിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കാതെ 25% മാലിന്യം നീക്കം ചെയ്തതിനാൽ 15,00,000/- രൂപ അനുവദിക്കാൻ സെക്രട്ടറി നിർദ്ദേശിക്കുകയും വൗച്ചർ നം.22100770/3.1.2022 പ്രകാരം 15,00,000/- രൂപ ഷബീർ തലപ്പാടി അബ്ബാസിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

6) ടെണ്ടറിൽ പങ്കെടുക്കാത്ത വൈറ്റ് റോസ്സ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം തുക നൽകുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഷബീർ തലപ്പാടി അബ്ബാസ് എന്നയാൾ ഇൻവോയ്സുകളിൽ ഒപ്പിട്ടിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനത്തിന്റെ ഉടമസ്ഥനെന്ന് തെളിയിക്കുന്ന ഒരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. മേൽ സ്ഥാപനം നീക്കം ചെയ്തുവെന്ന് അവകാശപ്പെടുന്ന മാലിന്യത്തിന്റെ അളവ് ഉത്തരവാദപ്പെട്ട ഉദ്യാഗസ്ഥരൊന്നും തന്നെ (തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗത്തെയോ , മലിനീകരണ നിയന്ത്രണ ബോർഡ് എഞ്ചിനിയറിംഗ് വിഭാഗത്തേയോ നിയോഗിച്ച്) പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) ഇതുമായി ബന്ധപ്പെട്ട് 6/7/2021 കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ എ2/14120/20 നമ്പർ കത്തിൽ 26/4/2021 ലെ ഭരണ സമിതി തീരുമാനം നം 1(1) പ്രകാരം ടണ്ണിന് 2750/- രൂപ വീതം ക്വാട്ട് ചെയ്ത ഷെറീഫ് തലപ്പാടി അബ്ബാസിന്റെ (പേരിൽ തെറ്റുണ്ട്) ടെണ്ടർ അംഗീകരിച്ചതയി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കുറവ് തുക ക്വാട്ട് ചെയ്തയാളെ ഒഴിവാക്കുവാനും, പകരം മേൽ കരാറുകാരനെ അംഗീകരിക്കുവാനും ഉണ്ടായ സാഹചര്യം മേൽ കത്തിലും വിശദീകരിച്ചിട്ടില്ല.

8) തുക അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടിയരുന്ന ജി.എസ്.ടി, ആദായനികുതി എന്നിവ ഈടാക്കിയിട്ടില്ല.

9) പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെ നിരവധി അപാകതകൾ ഉള്ളതിനാൽ പദ്ധതി ഭേദഗതി ചെയ്ത് പുതുക്കിയ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിക്ക് 31.12.2021 ൽ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മാലിന്യ പ്രശ്നം സങ്കീർണ്ണമായതിനാലും നിരവധി പരാതികൾ ലഭിച്ചതിനാലുമാണ് പദ്ധതി അടിയന്തിരമായി രൂപീകരിച്ചതെന്നും ടെണ്ടർ നടപടികൾ സ്വകരിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഫസ്റ്റ് അഡ്വാൻസ് നല്കുവാനും സെക്രട്ടറി ഫയലിൽ നിർദ്ദേശിച്ചിട്ടുണ്ട്. തുക നൽകുന്നതിന് ആക്കൗണ്ടന്റിന്റെ സമീപം ഫയൽ എത്തിയപ്പോഴും സെക്ഷൻ ക്ലാർക്ക് ന്യൂനതകൾ റിപ്പോർട്ട് ചെയ്തതിനാൽ തുക നൽകുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്ന് ഫയലിൽ നോട്ട് രേഖപ്പെടുത്തിയിരുന്നു. 25% മാലിന്യം നീക്കം ചെയ്തതിനാൽ 15,00,000/- രൂപ അനുവദിക്കാൻ സെക്രട്ടറി നിർദ്ദേശിക്കുകയും ആയത് പ്രകാരം തുക നൽകുകയുമാണുണ്ടായത്.

മാലിന്യ പരിപാലനത്തിൽ മുൻകാലങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചിരുന്ന മംഗൽ പാടി ഗ്രാമപഞ്ചായത്ത്. ജൈവമാലിന്യം ശേഖരിച്ച് സംസ്കരിച്ച് വളമാക്കി വിറ്റ് വരുമാനം നേടുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിരുന്നു. എന്നാൽ അജൈവ മാലിന്യം സംസ്കരിച്ച് നീക്കം ചെയ്യുവാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിക്കാതെ വന്നത് മൂലം മാലിന്യ സംസ്കരണ പ്ലാന്റിന് സമീപം പ്ലാസ്റ്റിക് മാലിന്യ ശേഖരം കുന്നുകൂടി നിലവിലെ സങ്കീർണ്ണമായ അവസ്ഥ സംജാതമാകുകയും ചെയ്തു. കുബണൂർ മാലിന്യ പ്ലാന്റിൽ മാലിന്യം കെട്ടിക്കിടക്കുന്നതിനാൽ നഗരത്തിലെ മാലിന്യം പ്ലാന്റിലേയ്ക്ക് നീക്കാൻ രൂപീകരിച്ച പദ്ധതിയും ഫലപ്രദമായി നടപ്പാക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഹരിത കർമ്മ സേനയുടെ സേവനവും ഫലപ്രദമായി വിനിയോഗിക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെ നിരവധി അപാകതകൾ ഉള്ളതിനാൽ പദ്ധതി ഭേദഗതി ചെയ്ത് എല്ലാ നടപടിക്രമങ്ങളും, നിലവിലെ സർക്കാർ ഉത്തരവുകളും പാലിച്ച് മാലിന്യത്തിന്റെ അളവ് കണക്കാക്കി അതിൻപ്രകാരം പുതുക്കിയ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. പദ്ധതി പ്രകാരം 2021-22 വർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ ഭരണവകുപ്പ് തല അന്വേഷണത്തിനും, ഭരണസമിതിയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം വിജിലൻസ് അന്വേഷണത്തിനും , ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. മേൽ പരാമർശിച്ച അപാകതകൾ

നിലനിൽക്കുന്നതിനാൽ പദ്ധതിയ്ക്കായി തൻവർഷം വിനിയോഗിച്ച 15,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 പൊതു ഇടങ്ങളിലെ മാലിന്യം നീക്കൽ - ഫലപ്രദമല്ല - നഗരത്തിൽ മാലിന്യം കുന്നുകൂടുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്ട് നം. 275/22 പൊതു ഇടങ്ങളിലെ മാലിന്യം നീക്കൽ പദ്ധതിയ്ക്കായി 5 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. പദ്ധതിയ്ക്കായി തൻവർഷം 29,800/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത് . 9800 രൂപ മാലിന്യം കൊണ്ടുപോയ ലോറി വാടക ഇനത്തിൽ അബ്ദുസയിദ് എന്നയാൾക്ക് നൽകിയിട്ടുണ്ട്. (വൗച്ചർ നം.22100599/26/11/2021). തുടർന്ന് 20000/- രൂപ മസ്റ്റർ റോൾ അടിസ്ഥാനത്തിൽ തൊഴിലാളികളെ വെച്ച് ജോലി ചെയ്യിപ്പിച്ചതിന് വൗച്ചർ നമ്പർ 22100679/15.12.2021 പ്രകാരം നാലാം വാർഡ് വാർഡ് മെമ്പർ അബ്ദുൾ റഹ്മാന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1) പദ്ധതി നടത്തിപ്പിനായി ടെണ്ടർ /ക്വട്ടേഷൻ നടപടികൾ കൈക്കൊണ്ടിട്ടില്ല.

2) പൊതു സ്ഥലങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് ഏതെങ്കിലും വ്യക്തിയേയോ കമ്പനിയേയോ ജന പ്രതിനിധിയേയോ ചുമതലപ്പെടുത്തിയതുമായി ബന്ധപ്പെട്ട ഉത്തരവുകളോ ഭരണ സമിതി തീരുമാനമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) മാലിന്യം നീക്കം ചെയ്ത തൊഴിലാളികൾക്കുള്ള വേതനം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് നല്കേണ്ടതിന് പകരം വാർഡ് മെമ്പർക്ക് നല്കിയിരിക്കുന്നു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിക്കേണ്ടതില്ലായെന്ന് ബന്ധപ്പെട്ട സെക്ഷൻ ഫയലിൽ നോട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയത് അവഗണിച്ച് സെക്രട്ടറി തുക അനുവദിച്ച് കാണുന്നു. നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിക്കുവാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

പൊതു ഇടങ്ങളിലെ മാലിന്യ നീക്കം ഫലപ്രദമായി നടപ്പിലാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിലെ ഉപ്പള ടൗണിൽ ഹൈവേ റോഡിന് ഇരുവശവും വിവിധ സ്ഥലങ്ങളിൽ ജൈവ-അജൈവമാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്ന അവസ്ഥയാണുള്ളത് . ഹരിത കർമ്മസേന മുഖേന മാലിന്യം മാലിന്യം ശേഖരിച്ച് സംസ്കരിച്ച് നീക്കം ചെയ്യുന്നതിനുള്ള പദ്ധതിയും ഫലപ്രദമായി നടക്കുന്നില്ല. ഉപ്പള ടൗണിലേയും, പരിസരങ്ങളിലേയും ക്വാട്ടേഴ്സുകളിൽ നിന്നും, ഫ്ലാറ്റുകളിൽ നിന്നും മാലിന്യം പ്ലാസ്റ്റ് കൂടുകളിൽ നിറച്ച് റോഡിൽ നിക്ഷേപിക്കുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. കുബണൂർ മാലിന്യ സംസ്കരണ പ്ലാന്റിൽ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കാൻ 85 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചുവെങ്കിലും നടപടിക്രമങ്ങളിലെ അപാകത നിമിത്തം പ്രസ്തുത പദ്ധതിയും മുന്നോട്ട് കൊണ്ടുപോകുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പൊതുജനങ്ങൾക്കും , പരിസ്ഥിതിയ്ക്കും ഭീഷണി സൃഷ്ടിക്കുന്ന വിധത്തിൽ മാറിയിട്ടുള്ള പഞ്ചായത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-35 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം -മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുന്നില്ല - അപാകതകൾ

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ

വിതരണത്തിന ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കലറിൽ നിർദ്ദേശമുണ്ട്. തുടർന്ന് ധനകാര്യ എസ്.എഫ്.സി -ബി വകുപ്പിന്റെ സർക്കലർ നം.63/2021/ധന തിയതി 02.08.2021 സർക്കലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

മംഗൽപാടി ഗ്രാമ പഞ്ചായത്തിൽ 2022 ൽ ഡെത്ത് രജിസ്ട്രേഷൻ ചെയ്യതതുമായി ബന്ധപ്പെട്ട് വളരെ കുറച്ച് റിപ്പോർട്ടുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ ആധാർ വിവരങ്ങൾ ലഭ്യമായവ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഗ്രാമ പഞ്ചായത്ത് മുഖേന സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങി വന്നിരുന്ന ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് അവരുടെ മരണ ശേഷവും പെൻഷൻ അനുവദിച്ചതായി കാണുകയുണ്ടായി . വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക @1600/- |
|---|---|---|---|---|---|
| 1 | സെൽമാമ | (OAP) 111790204354 | 28.3.2022 രജി.നം.122/22 | 04/22 മുതൽ 11/22 വരെ | 12,800/- |
| 2 | പ്രേമ | (OAP) 111790203163 | 30.12.2021 രജി.നം.23/22 | 01/2022മുതൽ 11/22വരെ | 17,600/- |
| 3 | ഖദീജ | (വിധവ പെൻഷൻ) 111790601658 | 13.1.2022 രജി.നം.128/22 | 02/22 മുതൽ 03/2022 വരെ | 3,200/- |
| 4 | മൂസ.പി.എം | (Sdp) 111790400472 | 17/1/2022 രജി.നം.46/22 | 2/22 മുതൽ 5/22 വരെ | 6,400/- |
| 5 | ജയന്തി | (Wp) 111790600871 | 10.02.2022 രജി.നം.49/22 | 03/22മുതൽ 4/22വരെ | 3,200/- |
| 6 | മറിയുമ്മ | (Wp) 111790601551 | 4/3/22 രജി.നം.114/22 | 04/22മുതൽ 11/22വരെ | 12,800/- |
| 7 | ഇബ്രാഹിം | (OAP) 111790202202 | 2/3/2022 രജി.നം.95/22 | 04/22മുതൽ 11/22വരെ | 12,800/- |
| 8 | മോനപ്പ | (OAP) 111790202616 | 26/4/2022 രജി.നം.130/22 | 05/22മുതൽ 11/22വരെ | 11,200/- |
| 9 | യു. ലക്ഷ്മണ | (OAP) 111790202216 | 28/4/2022 രജി.നം.132/22 | 05/22മുതൽ 11/22വരെ | 11,200/- |
| 10 | തമ്പാൻ | (OAP) 111790204209 | 09/6/2022 രജി.നം.165/22 | 07/22മുതൽ 9/22വരെ | 4,800/- |
| 11 | കദീജുമ്മ | (Wp) 111790600030 | 24/5/22 രജി.നം.177/22 | 06/22മുതൽ 11/22വരെ | 9,600/- |
| | | | | ആകെ | 1,05,600/- |

ബി) സഹകരണ ബാങ്ക് മുഖേന നേരിട്ട് പെൻഷൻ വിതരണം ചെയ്ത് വന്നിരുന്ന ചുവടെ ചേർത്ത ഗുണഭോക്താവിന് മരണശേഷവും വിവിധ മാസങ്ങളിൽ പെൻഷൻ തുക നൽകിയതായി കാണുകയുണ്ടായി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/ | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക @1600/- |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | രജി.നം | | |
| 1 | ആമിദാബി (ഡയറക്റ്റ് ഹോം) | (OAP) 111790203628 | 11.8.2021 രജി.നം.44/22 | 09/2021 മുതൽ 11/22വരെ | 24,000/- |

മേൽ വിഷയം പരിശോധിച്ച് ഇക്കാര്യം മരണപ്പെട്ടവരുടെ ബന്ധുക്കളെ അറിയിച്ച് അനർഹമായി അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നേരിട്ട് പെൻഷൻ നൽകിവന്ന ഗുണഭോക്താക്കൾക്ക് മരണ ശേഷവും പെൻഷൻ അനുവദിക്കാനുണ്ടായ സാഹചര്യം ബന്ധപ്പെട്ട സഹകരണ ബാങ്ക് അധികൃതരെ അറിയിച്ച് പെൻഷൻ വിതരണത്തിന് ചുമതലയുണ്ടായവരിൽ നിന്നും തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) കർഷക പെൻഷൻ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കർഷക പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/ രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക @1600 |
|---|---|---|---|---|---|
| 1 | രാമയ്യ ഷെട്ടി | 2220320891 | 10.04.2022 രജി.നം.148/22 | 05/2022 മുതൽ 11/2022 വരെ | 11,200/- |
| 2 | റഹ്മത്തുള്ള | 2220254320 | 06-02-2022 രജി.നം.94/22 | 03/2022മുതൽ 04/2022 വരെ | 3,200/- |

കർഷകപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട നടപടികൾ കൃഷി ഭവൻ മുഖേന സ്വീകരിക്കുന്നതിനാൽ കൃഷി ഭവൻ മുഖേന കർഷക പെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ , ഗ്രാമ പഞ്ചായത്തിൽ നിന്നും വിവരം ശേഖരിച്ച്, മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് നിലവിലും പെൻഷൻ അനുവദിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി പ്രസ്തുത വിവരം ബന്ധപ്പെട്ട സ്ഥാപനങ്ങളെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് | കർഷക പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/ രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | റുഖ്യ .എം.എ (പൈവളികെ ഗ്രാമ പഞ്ചായത്ത്) | വികലാംഗപെൻഷൻ 111850400565 | 26.01.2022 രജി.നം.62/22 | 02/2022 മുതൽ 11/2022 വരെ | 16,000/- |
| 2 | ലീല (മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്) | കർഷക തൊഴിലാളി 111830100131 | 12.04.2022 രജി.നം.155/22 | 05/2022 മുതൽ 11/2022 വരെ | 11,200/- |
| 3 | ഇവാലിൻ ഡിസൂസ (എൻമകജെ ഗ്രാമ പഞ്ചായത്ത്) | കർഷക പെൻഷൻ 2220253978 | 10-06-2022 രജി.നം.178/22 | 07/2022മുതൽ 11/2022 വരെ | 8,000/- |

2022 ൽ ഗ്രാമ പഞ്ചായത്തിൽ ഡെത്ത് രജിസ്ട്രേഷൻ ചെയ്യതുമായി ബന്ധപ്പെട്ട വളരെ കുറച്ച് റിപ്പോർട്ടുകളേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. അവയിൽ ആധാർ വിവരങ്ങൾ ലഭ്യമായവ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ, സർക്കാർ നിർദ്ദേശിച്ച രീതിയിൽ

പരിശോധിച്ച് മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി.നം . 20 / തിയതി. 16-01-2023, ഓഡിറ്റ് എൻക്വയറി.നം . 31/ തിയതി. 17-01-2023 എന്നിവ പ്രകാരം കൂടുതൽ രേഖകളും വിശദാംശങ്ങളും ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല)

1-36 വസ്തു നികുതി ഡിമാന്റ് നോട്ടീസ് അച്ചടി -അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

വസ്തു നികുതി ഡിമാന്റ് നോട്ടീസ് 33,556 എണ്ണം 1.60 രൂപ നിരക്കിൽ പ്രിന്റു ചെയ്തതിന് വൗച്ചർ നം.22100959/8.3.2022 പ്രകാരം 54,440/-രൂപ സുലഭാ പ്രിന്റേഴ്സ് ബന്തിയോട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെടുകയുണ്ടായി

എ) ചെലവ് വൗച്ചറിനൊപ്പം 3 ക്വട്ടേഷൻ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റേയും, ആയത് പ്രസിദ്ധപ്പെടുത്തിയതിന്റേയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) ഡിമാന്റ് നോട്ടീസുകൾ പൂർണ്ണമായി വിതരണം ചെയ്തത് സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല 4142 ഡിമാന്റ് നോട്ടീസുകൾ 16 വാർഡുകളിലായി വിതരണം ചെയ്തതിന് വൗച്ചർ നം22100889/15.2.2022 പ്രകാരം 41,420/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രകാരം പ്രിന്റുചെയ്ത ഡിമാന്റ് നോട്ടീസുകൾ പൂർണ്ണമായും കെട്ടിട ഉടമകൾക്ക് വിതരണം ചെയ്തത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സി) ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി ഡിമാന്റ് സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ പ്രിന്റ് എടുക്കുന്നതിന്റെ ഭാഗമായി സ്വകാര്യ പ്രസ്സിന്റെ കൈവശം എത്തിയിട്ടുണ്ട്. പ്രസ്തുത രേഖകൾ ദുരുപയോഗം ചെയ്യാതിരിക്കുവാനുള്ള യാതൊരു മുൻകരുതലുകളും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കൂടാതെ ഡിമാന്റ് നോട്ടീസുകൾ ഗ്രാമ പഞ്ചായത്തിൽ നിന്നും പകർപ്പെടുക്കുകയായിരുന്നെങ്കിൽ ചെലവ് തുക ഗണ്യമായി കുറയുമായിരുന്നു. ആയതിന് നടപടികൾ സ്വീകരിക്കാതെ പുറം കരാർ നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. ഡിമാന്റ് നോട്ടീസുകൾ വിതരണം ചെയ്തത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതും , ഖണ്ഡികയിൽ പരാമർശിച്ച മറ്റ് ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് . ആയതുവരെ അച്ചടി പ്രവൃത്തിക്കായി ചെലവ് ചെയ്ത 54,440/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി.നം . 28 / തിയതി. 17-01-2023)

1-37 കോവിഡ് -ഓക്സീമീറ്റർ വാങ്ങിയത് -സ്റ്റോക്ക് വിതരണ വിവരങ്ങൾ ലഭ്യമല്ല.

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

കോവിഡ് പരിശോധനയുടെ ഭാഗമായി വൗച്ചർ നമ്പർ 22100390/5/9/2021 പ്രകാരം 40,439/- രൂപ ചെലവഴിച്ച് 30 ഓക്സിമീറ്റർ, 90 മാസ്ക്, 100 ബോട്ടിൽ സാനിറ്റൈസർ എന്നിവ മാക്ക് ഇന്റർനാഷണൽ

ദേർലക്കട്ട എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

എ) ഇവയുടെ സ്റ്റോക്ക് വിതരണ രേഖകൾ ബന്ധപ്പെട്ട വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല.

ബി) സ.ഉ.(സാധ) നം.947/21 തസ്വഭവ തിയതി 4/5/2021 ലെ നിർദ്ദേശ പ്രകാരം ഇപ്രകാരം വാങ്ങുന്ന ഓക്സിമീറ്ററുകളുടെ സൂക്ഷിപ്പ് ആശാ വർക്കർമാരുടെ ചുമതലയിൽ നൽകേണ്ടതാണ്. എന്നാൽ ഇതുപ്രകാരം വാങ്ങിയ ഓക്സിമീറ്ററുകൾ ആർക്കാണ് കൈമാറിയതെന്നുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ പ്രകാരം വാങ്ങിയ ഓക്സീമീറ്ററുകളുടെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 40,439/- രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

1-38 എൽ.ഇ.ഡി ഫ്ലഡ് ലൈറ്റ് വാങ്ങിയത് ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ പച്ചമ്പള ദർഗ്ഗ, കുക്കാർ എന്നീ സ്ഥലങ്ങളിൽ മാറ്റി സ്ഥാപിക്കുന്നതിനായി 8 എണ്ണം എൽ.ഇ.ഡി ഫ്ലഡ് ലൈറ്റുകൾ ₹ 37,672/- ചെലവഴിച്ച് കല്ലൂർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (വൗ.നം 22100293/31/8/2021) . ഇപ്രകാരം വാങ്ങിയ ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി , അധികൃതർ, ബന്ധപ്പെട്ട ജനപ്രതിനിധികൾ എന്നിവരിൽ നിന്നുമുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 37,672/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-39 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല.

നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ ഓഡിറ്റ് വർഷം 18,85,058/- രൂപ കെ. എസ്. ഇ. ബി യിൽ അടച്ചിട്ടുണ്ട്. 100 ൽ കൂടുതൽ കൺസ്യൂമർ നമ്പറുകളിലായി തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണം, ഇനം, സ്ഥാപിച്ചിട്ടുള്ള സ്ഥലം, നിലവിൽ പ്രവർത്തന ക്ഷമമാണോ അല്ലയോ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. ഓരോ മാസവും കെ.എസ്.ഇ.ബിയിൽ നിന്നും ലഭിക്കുന്ന ബിൽ അനുസരിച്ച് പല വൗച്ചറുകളിലായി തുക ഒടുക്കുന്നുണ്ടെങ്കിലും ഓരോ മാസവും യഥാർത്ഥത്തിൽ ഒടുക്കേണ്ട തുക എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ഉൾപ്പടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കെ. എസ്. ഇ. ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രസ്തുത വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകൾക്ക് ബാധകമായ തുകയാണോ വൈദ്യുത ചാർജിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് കെ. എസ്. ഇ. ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ ചാർജ്ജ് മാത്രമാണ് വൈദ്യുത ചാർജിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തെരുവ് വിളക്ക് സ്ഥാപിക്കൽ, അറ്റകുറ്റപ്പണി എന്നിവയുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നിലവിലുള്ള തെരുവ് വിളക്കുകളുടെ വിവരങ്ങൾ വാർഡ് തിരിച്ച് കൃത്യമായും, കാലികമായും സൂക്ഷിക്കേണ്ടത് ആവശ്യമാണ് . കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയശേഷം, ഗ്രാമ പഞ്ചായത്ത് വൈദ്യുത ചാർജ്ജ് ഒടുക്കുന്ന മുഴുവൻ തെരുവ് വിളക്കുകളുടേയും വാർഡ് തിരിച്ചുള്ള വിവരങ്ങൾ, തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ ഒരോവർഷവും നിരവധി തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച് വരുന്നുണ്ട്. ആവശ്യകത ഭരണ സമിതി തലത്തിൽ കൃത്യമായി വിലയിരുത്തിയ ശേഷം മാത്രം പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ് . ആയതുവരെ തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ തൻവർഷം ഒടുക്കിയ 18,85,058/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ.നം | വൗച്ചർ നം തിയതി | തുക |
|---|---|---|
| 1 | 22100028/3.4.2021 | 87,354/- |
| 2 | 22100101/6.5.2021 | 1,41,996/- |
| 3 | 22100150/01.6.2021 | 1,20,513/- |
| 4 | 22100214/23.06.2021 | 1,49,748/- |

| | | |
|---|---|---|
| 5 | 22100298/23.7.2021 | 86,672/- |
| 6 | 22100391/01.9.2021 | 1,48,708/- |
| 7 | 22100482/8.10.2021 | 2,78,559/- |
| 8 | 22100582/26.11.2021 | 1,46,537/- |
| 9 | 22100610/26.11.2021 | 1,59,139/- |
| 10 | 22100744/30.12.2021 | 76,061/- |
| 11 | 22100804/15.1.2022 | 22,063/- |
| 12 | 22100805/15.1.2022 | 1,26,919/- |
| 13 | 22100828/28.1.2022 | 41,428/- |
| 14 | 22100852/2.2.2022 | 17,262/- |
| 15 | 22100860/04.02.2022 | 74,796/- |
| 16 | 22100877/8.2.2022 | 5551/- |
| 17 | 22100902/25.2.2022 | 49,669/- |
| 18 | 22100945/7.3.2022 | 30,855/- |
| 19 | 22100984/17.3.2022 | 87,509/- |
| 20 | 22101081/25.3.2022 | 20,285/- |
| 21 | 22101082/25.3.2022 | 13,434/- |
| | ആകെ | 18,85,058/- |

## 1-40 അസിസ്റ്റന്റ് സെക്രട്ടറി - പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ/ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്,പ്രോജക്ട് നം | പദ്ധതിക്കായി ചെലവഴിച്ച തുക | ഫണ്ട് | വൗച്ചർ നം/ബിൽ നമ്പർ/ തിയ്യതി | തുക |
|---|---|---|---|---|---|
| 1 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട്(പ്രോജക്ട് നം. 143/21-22) | 10,00,000 | തനത് ഫണ്ട് | 15/03-08-2021 | 3,77,398 |
| | | | | 50/20-10-2021 | 2,61,100 |
| | | | | 75/12-11-2021 | 1,40,000 |
| | | | | 122/20-12-2021 | 2,21,502 |
| | | | | ആകെ | 10,00,000 |
| 2 | എസ്.ടി വയോജനങ്ങൾക്ക് കട്ടിൽ (പ്രോജക്ട് നം. 302/21-22) | 43,495 | ടി.എസ്.പി & തനത് ഫണ്ട് | 271/23-03-2022 | 34,000 |
| | | | | 22101092/29-03-2022 | 9,495 |
| | | | | ആകെ | 43,945 |
| 3 | പഞ്ചായത്ത് ഓഫീസിൽ ഹെല്പ് ഡെസ്ക് സജ്ജീകരിക്കൽ/പൊതുവിഭാഗം-സാധാരണ വിഹതം(പ്രോജക്ട് നം. 322/21-22 | 1,17,390 | പൊതുവിഭാഗം-സാധാരണ വിഹതം | 315/27-03-2022 | 53,790 |
| | | | | 316/27-03-2022 | 22,700 |
| | | | | 317/27-03-2022 | 40,900 |
| | | | | ആകെ | 1,17,390 |
| 4 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ(പ്രോജക്ട് നം. 267/21-22 | 2,99,980 | എസ്.സി.പി | 266/23-03-2022 | 2,99,980 |
| 5 | കീഴൂർ കുണ്ടങ്കാരടുക്ക എസ് സി. കമ്മ്യൂണിറ്റി ഹാൾ നവീകരണം (പ്രോജക്ട് നം. 305/21-22 | 1,95,727 | എസ്.സി.പി | 267/23-03-2022 | 1,95,727 |

| | | | | | |
|---|---|---|---|---|---|
| 6 | അഗതി രഹിത കേരളം (പ്രോജക്ട് നം. 81/21-22 | 3,00,000 | പൊതുവിഭാഗം-സാധാരണ വിഹതം & തനത് ഫണ്ട് | 268/23-03-2022 | 1,50,000 |
| | | | | 22101091/29-03-2022 | 1,50,000 |
| | | | | ആകെ | 3,00,000 |
| 7 | വിശപ്പ് രഹിത കേരളം (പ്രോജക്ട് നം. 157/21-22 | 1,45,139 | പൊതുവിഭാഗം-സാധാരണ വിഹതം | 312/29-03-2022 | 1,45,139 |
| 8 | ഗാർഹിക ബയോബിൻ (പ്രോജക്ട് നം. 148/21-22 | 1,35,000 | കേന്ദ്രാവിഷ്കൃത ഫണ്ട്. | 22100897/19-02-2022 | 1,35,000 |
| 9 | കുമ്പണ്ണൂർ മാലിന്യ പ്ലാന്റിലേക്ക് ഇൻസിലേറ്റർ (പ്രോജക്ട് നം. 145/21-22 | 1,97,744 | കേന്ദ്രാവിഷ്കൃത ഫണ്ട്. | 22100375/12-08-2021 | 1,97,744 |
| 10 | ഹരിതകർമ്മ സേന-വാഹന വാടക നൽകൽ (പ്രോജക്ട് നം. 310/ 21-22 | 2,00,000 | കേന്ദ്രാവിഷ്കൃത ഫണ്ട്. | 22101090/18-03-2022 | 2,00,000 |
| 11 | ഹരിതകർമ്മ സേനക്ക് ഉപകരണങ്ങൾ വാങ്ങൽ / (പ്രോജക്ട് നം. 140/ 21-22 | 2,99,701 | കേന്ദ്രാവിഷ്കൃത ഫണ്ട്. | 22100376/12-08-2021 | 2,81,901 |
| | | | | 22101112/31-03-2022 | 17,800 |
| | | | | ആകെ | 2,99,701 |
| 12 | റിംഗ് കംപോസ്റ്റ്(പ്രോജക്ട് നം. 268/21-22 | 17,62,500 | കേന്ദ്രാവിഷ്കൃത ഫണ്ട്. | 22101096/29-03-2022 | 17,62,500 |
| 13 | മിനി എംസിഎഫ്(പ്രോജക്ട് നം. 141/21-22 | 19,82,402 | കേന്ദ്രാവിഷ്കൃത ഫണ്ട്. | 22100374/12-08-2021 | 19,82,402 |
| 14 | തീരശ്രീ പ്രതിഭാതീരം(പ്രോജക്ട് നം.270/ 21-22 | 49,850 | തനത് ഫണ്ട് | 22101041/30-03-2022 | 39,350 |
| | | | | 22101113/31-03-2022 | 10,500 |
| | | | | ആകെ | 49,850 |
| 15 | പഞ്ചായത്തിന്റെ അധീനതയിലുള്ള ഗവ സ്ഥാപനങ്ങളിലേക്ക് റിംഗ് കംപോസ്റ്റ് (പ്രോജക്ട് നം. 238/ 21-22 | 12,500 | തനത് ഫണ്ട് | 22101095/29-03-2022 | 12,500 |
| 16 | മംഗൽപാടി ഗ്രാമ പഞ്ചായത്തിൽ ഐഇസി പ്രവർത്തനങ്ങൾ(പ്രോജക്ട് നം. 146/21-22 | 1,32,500 | കേന്ദ്രാവിഷ്കൃത ഫണ്ട്. | 22100523/07-10-2021 | 83,250 |
| | | | | 22101090/27-03-2022 | 49,250 |
| | | | | ആകെ | 1,32,500 |
| | ആകെ | 68,73,928 | | | |

രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 തീയ്യതി 09.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രോജക്ടുകളുടെ ആകെ ചെലവ് തുക ₹68,73,928/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കേരള പഞ്ചായയത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

1-41 ഭിന്നശേഷികാർക്ക് മുച്ചക്രവാഹനം നൽകൽ - ഡ്രൈവിംങ് ലൈസൻസിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 258/21-22 |
| പ്രോജക്റ്റിന്റെ പേര് | ഭിന്ന ശേഷിക്കാർക്ക് മുച്ചക്രവാഹനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 4,00,000 (പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് തുക | 384000 |
| ബിൽ റഫറൻസ് നമ്പർ, തീയതി | 21200652013401480717/26-03-2022 |

മംഗൽപാടി ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷികാർക്ക് മുച്ചക്രവാഹനം നൽകൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 11 ഗുണഭോക്താക്കളെ 05-11-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ 01/01ാം നമ്പർ തീരുമാന പ്രകാരം തെരഞ്ഞെടുത്ത് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നും 4 പേർക്ക് കെൽട്രോൺ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും Maestero 110cc മുച്ചക്രവാഹനം വാങ്ങി 22/03/2022 ന് വിതരണം നടത്തിയിട്ടുണ്ട്.
എം.എം മുർഷിദ് ഉൽ റഹ്മാൻ S/o മോയിദിൻ കുഞ്ഞി , മുഹമ്മദ് അകീൽ ആസാദി S/oഫസലുൽ, അബ്ദുൽ ഷമീർ S/o ഷേയ്ക്ക് അലി എന്നീ ഗുണഭോക്താക്കളുടെ ഡ്രൈവിംങ് ലൈസൻസിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ലൈസൻസ് ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7 തീയ്യതി 12.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർ വൈസർക്ക് എഴുതി കൊടുത്തിട്ടുള്ള കരാർ പ്രകാരം 2 മാസത്തിനകം ഒറിജിനൽ ലൈസൻസിന്റെ കോപ്പി ലഭ്യമാക്കുമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാർ തീയതി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും ലൈസൻസ് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് പരിശോധിക്കേണ്ടതും തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആയതുവരെ ചെലവ് തുക 3,84,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-42 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ-പ്രധാനധ്യാപകൻ
പ്രൊജക്റ്റ് നം 23/21-22 പ്രകാരം വിദ്യാർത്ഥികൾക്ക് 11 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തവകയിൽ ബിൽ.നം. 01493003/24.03.2022പ്രകാരം 4,59,690/- രൂപ (വികസന ഫണ്ട് എസ്.സി.പി) ചെലവഴിച്ചിട്ടുണ്ട്. എസ്.എം സോഫ്റ്റ് കമ്പ്യൂട്ടേഴ്സ് സുൽത്താൻ ബത്തേരി എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേനയാണ് വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

എ) വിദ്യാർത്ഥികൾക്ക് മറ്റ് മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല (പട്ടിക ജാതി വികസന ഓഫീസറിൽ നിന്നും)

ബി) ചുവടെ ചേർത്ത വിദ്യാർഥികളുടെ കോഴ്സ് സർട്ടിഫിക്കറ്റുകളിലും അനുബന്ധ രേഖകളിലും ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി . (സ.ഉ.(കൈ).നം.22/18/തസ്വഭവ തി.14.2.2018 ഖ.7.2.8) വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | അപാകത/റിമാർക്സ് |
|---|---|---|
| 1 | അനിത കുമാരി | അപേക്ഷയോടൊപ്പം ഉള്ള കോഴ്സ് സർട്ടിഫിക്കറ്റ് 20-21വർഷം പ്ലസ് ടു വിന് പഠിച്ചിരുന്നുവെന്നുള്ളതാണ് (ജി.എച്ച്.എസ്.എസ് ബേക്കൂർ). പ്ലസ് ടു വിദ്യാർഥികൾക്ക് ഈ ആനുകൂല്യം അനുവദനീയമല്ല. പ്രസ്തുത വിദ്യാർത്ഥി 2021-22 വർഷം സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന |

| | | |
|---|---|---|
| | | കോഴ്സുകൾ പഠിച്ചിരുന്നുവെങ്കിൽ ബന്ധപ്പെട്ട സ്ഥാപന മേധാവി നൽകുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് . അല്ലാത്ത പക്ഷം നൽകിയ ആനുകൂല്യം തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 2 | അശ്വതി D/o നാരായണ കെ | അപേക്ഷയോടൊപ്പം ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രണവ് കോളേജ് എന്ന പാരലൽ സ്ഥാപനത്തിൽ നിന്നുമുള്ളതാണ് . വിദ്യാർഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 3 | അഭിഷേക് ബി.ആർ | അപേക്ഷയോടൊപ്പം ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് ത്രിവേണി ആർട് &സയൻസ് കോളേജ് എന്ന പാരലൽ സ്ഥാപനത്തിൽ നിന്നുമുള്ളതാണ് . വിദ്യാർഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | ശിവരാജ് ബി | അപേക്ഷയോടൊപ്പം അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നിന്നുമുള്ള ഐ.ഡി കാർഡിന്റെ പകർപ്പാണ്((ബി.എ ഹിസ്റ്ററി) ഹാജരാക്കിയത് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ/ഹാൾ ടിക്കറ്റ് /സ്ഥാപന മേധാവിയുടെ അല്ലെങ്കിൽ കോഴ്സ് ഡയറക്ടറുടെ സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 5 | സുപ്രിത കെ.സ് | അപോക്ഷയോടൊപ്പം ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൽ ബി.എ കന്നഡ കോഴ്സ് (2018-21) (ഗവ കോളേജ് മഞ്ചേശ്വരം )എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2021-22 വർഷം പ്രസ്തുത വിദ്യാർഥി സർക്കാർ മാർഗ്ഗ രേഖപ്രകാരമുള്ള കോഴ്സിന് പഠിച്ചിരുന്നതുമായി ബന്ധപ്പെട്ട് സ്ഥാപന മേധാവി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |
| 6 | സുപ്രിത | അപോക്ഷയോടൊപ്പം ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൽ ബി.എസ്.സി സുവോളജി മൂന്നാം വർഷം 2020-21 (ഗവ കോളേജ് കാസറഗോഡ് ) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . 2021-22 വർഷം പ്രസ്തുത വിദ്യാർഥി സർക്കാർ മാർഗ്ഗ രേഖപ്രകാരമുള്ള കോഴ്സിന് പഠിച്ചിരുന്നതുമായി ബന്ധപ്പെട്ട് സ്ഥാപന മേധാവി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |
| 7 | വൈഷ്ണവി.കെ | അപേക്ഷയോടൊപ്പം കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. 2021-22 വർഷം പ്രസ്തുത വിദ്യാർഥി സർക്കാർ മാർഗ്ഗ രേഖപ്രകാരമുള്ള കോഴ്സിന് പഠിച്ചിരുന്നതുമായി ബന്ധപ്പെട്ട് സ്ഥാപന മേധാവി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |

(സി) വൈഷ്ണവി.കെ എന്ന വിദ്യാർഥിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2021-22 വർഷം പ്രസ്തുത വിദ്യാർഥി സർക്കാർ മാർഗ്ഗ രേഖപ്രകാരമുള്ള കോഴ്സിന് പഠിച്ചിരുന്നതുമായി ബന്ധപ്പെട്ട് സ്ഥാപന മേധാവി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഡി) പദ്ധതി പ്രകാരമുള്ള ലാപ് ടോപ്പുകൾ ജെം മുഖേന വാങ്ങിയതായാണ് നിർവ്വഹണ ഉദ്യാഗസ്ഥൻ അറിയിട്ടിട്ടുള്ളത് . എന്നാൽ പർച്ചേസ് ബിൽ അല്ലാതെ ജെം മുഖേന വാങ്ങിയത് സാധൂകരിക്കുന്ന രേഖകളും, ജെമ്മിൽ നിന്നും ലഭിക്കുന്ന താരതമ്യ പട്ടികയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ഇ) സർക്കുലർ നമ്പർ ഡി.എ1/87/19 തസ്വഭവ (ഡി.എ) വകുപ്പ് തിയതി 8.9.2020 പ്രകാരം 2.50 ലക്ഷത്തിൽ കൂടുതലുള്ള വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല

എഫ്) ഗുണഭോക്തൃ പട്ടികയ്ക്ക് ബന്ധപ്പെട്ട ഗ്രാമ സഭകളിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന നിർദ്ദേശം പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ജി) വാങ്ങൽ നടപടികൾക്ക് പഞ്ചായത്ത് തല പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകാരം നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ ഓഡിറ്റ് എൻക്വയറി നം 3/11.01.2023 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ

ചെലവ് തുക 4,59,690/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

1-43 സ്കൂൾ നവീകരണ പ്രവൃത്തി -ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല - മറ്റ് അപാകതകളും

നിർവഹണോദ്യോഗസ്ഥൻ-പ്രധാനധ്യാപകൻ

ജി.ബി.എൽ.പി.സ്കൂൾ ഹേരൂർ ഹൈടെക്ക് ആയി പരിവർത്തനപ്പെടുത്തുക- (പ്രൊജക്റ്റ് നം.282/22) എന്ന പദ്ധതിപ്രകാരം 1,05,000/- രൂപ (ട്രഷറി ബിൽ നം.01378007/19.3.2022) സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽനിന്നും കണിപുര എന്റർപ്രൈസസ് കുമ്പള എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അംഗീകരിച്ച പ്രൊജക്റ്റ് റിപ്പോർട്ടിൽ ആർട്ട്കോ മുഖേന നിർവ്വഹണം ചെയ്യണമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ സ്വകാര്യ സ്ഥാപനത്തെ പ്രവൃത്തി എൽപ്പിച്ചു.

ബി) പദ്ധതിയ്ക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കണിപുര എന്റർപ്രൈസസിന് പ്രവൃത്തി ഏൽപിക്കുവാനുണ്ടായ സാഹചര്യം ഫയലിൽ നിന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട ഭരണ സമിതി തീരുമാനം, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) ചെലവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനം നൽകിയ ഇൻവോയ്സിൽ (ഇൻവോയ്സ് നം. 3694/14.3.2022 ₹ 30,100/- വിവിധ ഇനം ടേബിൾ , കസേരകൾ എന്നിവ വാങ്ങിയത് ) വിവിധ ഇനങ്ങൾക്ക് ജി.എസ്.ടി ഉൾപ്പടെയുള്ള തുകയാണ് രേഖപ്പെടുത്തിയതെന്ന് പറയുന്നുണ്ട്. എന്നാൽ ജി.എസ്.ടി നമ്പറോ, എച്ച്.എസ്.എൻ കോഡോ ജി.എസ്.ടി നിരക്കോ , തുകയോ രേഖപ്പെടുത്താത്ത ബില്ലാണ് പ്രസ്തുത സ്ഥാപനം സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഇൻവോയ്സ് പ്രകാരമുള്ള ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയത് സാധൂകരിക്കുന്ന രേഖകൾ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഇൻവോയ്സ് നം. 3694/14.3.2022 )

ഡി) ഇൻവോയ്സ് നം. 3695/14.03.2022 പ്രകാരം വിവിധ പ്രവൃത്തികൾ (പെയിന്റിംഗ്, ഇലക്ട്രിക്കൽ, റൂം പാർട്ടീഷൻ) ചെയ്തതിനുള്ള തുക 74,900/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് . മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടുന്നതിനാൽ തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗത്തെ നിയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് വേണമായിരുന്നു പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുവാൻ . എന്നാൽ ഇത്തരത്തിലുള്ള യാതൊരു നടപടിക്രമവും പാലിക്കാതെയാണ് പദ്ധതി നിർവ്വഹണം ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെ നിയോഗിച്ച് മേൽ പ്രകാരം ചെയ്ത പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഇ) മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1,05,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.03/ തിയതി .11.01.2023)

1-44 എസ്.എസ്.കെ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ-പ്രധാനധ്യാപകൻ

പ്രൊജക്റ്റ് നം 12/2021-22 -എസ്.എസ്.കെ വിഹിതം നൽകൽ - പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് 25,00,000/- രൂപ കൈമാറിയിട്ടുണ്ട് (ബിൽ നം.00545912/5 /10/21)

എ) എസ്.എസ്.കെ പ്രൊജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും , നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണെന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ

എസ്.എസ്.കെ പ്രൊജക്ട് ഓഫീസർ അറിയിക്കണം . എസ്.എസ്.കെ വിഹിതവും, തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശ സ്ഥാപനങ്ങളിലെ ഭരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. എന്നാൽ ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയത് സാധൂകരിക്കുന്ന രേഖകൾ, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി അടങ്കൽ സംബന്ധിച്ച് എസ്.എസ്.കെ നൽകുന്ന സ്റ്റേറ്റ്മെന്റ്/അറിയിപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സാക്ഷ്യപത്രം സമഗ്ര ശിക്ഷാ കേരളം അധികൃതർ ഗ്രാമ പഞ്ചായത്തിന് നല്കേണ്ടതാണ് . എന്നാൽ മേൽ പ്രകാരം കൈമാറിയ തുക വിനിയോഗിച്ച് പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

സി) മോണിറ്ററിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 25,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 തുല്യതാ പരീക്ഷാ ഫീസ് -രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല – മറ്റ് അപാകതകളും

നിർവഹണോദ്യോഗസ്ഥൻ-പ്രധാനധ്യാപകൻ

എ) പ്രൊജക്ട് നം.164/22 പ്രകാരം പത്താംതരം, പ്ലസ് വൺ തുല്യതാ പരീക്ഷാ ഫീസ് ഇനത്തിൽ 33,300/- രൂപ സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. (ബിൽനം.00545918/5.10.2021 ₹24,500/- & 00620100/8.11.2021₹ 8,800/-

സാക്ഷരതാ പ്രേരക് നൽകിയ പട്ടിക പ്രകാരമാണ് സാക്ഷരതാ മിഷന് തുക നൽകിയിട്ടുള്ളത് . പ്രസ്തുത പഠിതാക്കൾ സാക്ഷരതാ മിഷനിൽ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പട്ടിക പ്രകാരമുള്ള പഠിതാക്കളിടെ വിവരം ചുവടെ ചേർക്കുന്നു.

1) പത്താം തരം തുല്യത പരീക്ഷ

ഇബ്രാഹിം ഖലീൽ, മുഹമ്മദ് ഷെറീഫ്, നഫീസ, സാലത്ത് ബാനു, അലീമത്ത് സാജിത, സരിത, നഹിമാൻ, സമീറ.പി, ആഫ്ഷാക്ക്, റഷീദ.എൻ.എം, അബ്ദുൾ സത്താർ, മുഹമ്മദ് റിസ്വാൻഅബൂബക്കർ സിദ്ദിഖ്, മുഹമ്മദ് ഷാഹിദ്

2) പ്ലസ് വൺ തുല്യത പരീക്ഷ

പ്രഭാവതി.യു, നൂറുൾ അമീൻ, നസീമ, മൂസ ഖലീം ഷേക്ക്

മേൽ പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

പദ്ധതിയ്ക്കായി സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതമാണ് വിനിയോഗിച്ചിട്ടുള്ളത്. സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും തുക വിനിയോഗിക്കുന്നത് സംബന്ധിച്ച മാർഗ്ഗ രേഖകളിൽ ഈയിനത്തിന് തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് പരാമർശമില്ല. ഇത്തരത്തിൽ തുക വിനിയോഗിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ് ആയതുവരെ ചെലവ് തുക 33,300/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) പ്രൊജക്ട് നം.165/22 പ്രകാരം പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഫീസ് ഇനത്തിൽ 40,000/- രൂപ തനത് ഫണ്ടിൽ നിന്നും സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. (ചെക്ക് .നം.8692/22.11.2021 ₹40,000/- &

സാക്ഷരതാ പ്രേരക് നൽകിയ പട്ടിക പ്രകാരമാണ് സാക്ഷരതാ മിഷന് തുക നൽകിയിട്ടുള്ളത് . പ്രസ്തുത പഠിതാക്കൾ സാക്ഷരതാ മിഷനിൽ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പട്ടിക പ്രകാരമുള്ള പഠിതാക്കളിടെ വിവരം ചുവടെ ചേർക്കുന്നു.

ശോഭാ.എം, രജനി.ടി, സവിത.ബി, തുഷാര.എസ്, തൃഷ.എസ്, ബബിത.എസ്, പല്ലവി, അക്ഷത.കെ, ഭരതി, കൃതി.കെ, രവികല, സുരേഖ, സമീറ, സുജാത.കെ.ജി, ശശികല, ദിവ്യ, പ്രതിമ, കൗശിക്, അനിത.കെ, അനിഷ

മേൽ പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക 40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 എൽ.പി / യു.പി വിദ്യാർഥികൾക്ക് പഠിക്കുവാനുള്ള കസേര/മേശ (എസ്.സി.പി) വിതരണം - അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ-പ്രധാനധ്യാപകൻ

പ്രൊജക്ട് നം 21/21-22 പ്രകാരം എൽ.പി. യു.പി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മേശ കസേര എന്നിവ വിതരണം ചെയ്തവകയിൽ ബിൽ നം 00783357/14.12.2021 പ്രകാരം 2,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധത് നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

എ) വിദ്യാർത്ഥികൾക്ക് മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല (പട്ടിക ജാതി വികസന ഓഫീസറിൽ നിന്നും)

ബി) രാഹുൽ.പി, നൗഷിത, ശരത്.എസ്.ശ്രേയ.കെ എന്നീ വിദ്യാർഥികളുടെ പഠന സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

സി) ചേതൻ എന്ന വിദ്യാർഥിയുടെ പഠന സർട്ടിഫിക്കറ്റിൽ പഠിക്കുന്ന ക്ലാസ്സ് രേഖപ്പെടുത്തിയിട്ടില്ല. (ജി.എച്ച്.എച്ച്.എസ് ഉപ്പള)

ഡി) ബന്ധപ്പെട്ട സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്ന നിർദ്ദേശം പാലിച്ച് കാണുന്നില്ല.

ഇ) നിരീക്ഷിത്, ശ്രാവണി. എസ് (ജി.ബി.എൽ.പി.എസ് ഹേരൂർ) എന്നീ വിദ്യാർത്ഥികളുടെ അപേക്ഷകളോടൊപ്പം സ്കൂൾ സർട്ടിഫിക്കറ്റ് ഒഴികെ മറ്റ് രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

എഫ്) ഗുണഭോക്തൃ പട്ടികയ്ക്ക് ബന്ധപ്പെട്ട ഗ്രാമ സഭകളിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന നിർദ്ദേശം പാലിച്ച് കാണുന്നില്ല.

ജി) മോണിട്ടറിംഗ് സമിതി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 1-47 പച്ചമ്പലം പള്ളം ഇംപ്രൂവ്മെന്റ് പ്രവൃത്തിയിൽ ലഭിച്ച മണ്ണ്-ലേലം ചെയ്തതിന്റെ നടപടികൾ

ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 2021-2022 വർഷത്തിൽ പച്ചമ്പലം പള്ളം ഇംപ്രൂവ്മെന്റ് (പ്രൊജക്ട് നം.287/22) എന്ന നടപ്പാക്കിയിരുന്നു. ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (നം 165/2021-22, പേജ്-1) പ്രകാരം 1ാമത്തെ ഇനം പ്രവൃത്തിയായി (Earth Work In Excavation By Mechanical Means Hydraulic Excavator/manual Means Over Areas (Exceeding 30 Cm In Depth 1.5m In Width As Well As 10 Sqm On Plan) Including Disposal Of Excavated Earth, Lead Up To 50m And Lift Up To 1.5m, Disposed Earth To Be Levelled And Neatly Dressed. Ordinary Rock) 107.54$m^3$അളവ് മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇപ്രകാരം കുഴിച്ചെടുത്ത മണ്ണ് കുളത്തിന്റെ അരികിലായി കൂട്ടിയിട്ടിട്ടുണ്ടെന്ന് അളവ് പുസ്തകത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ 06.05.2022-ലെ AE/LSGD/MGP/06/22-23 നമ്പർ കത്ത് പ്രകാരം പച്ചമ്പലം പള്ളം ഇംപ്രൂവ്മെന്റ് പ്രവൃത്തിയിൽ കുഴിച്ചെടുത്ത 107.54 $M^3$അളവ് മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപെട്ടിട്ടുണ്ട്. മണ്ണ് ലേലം

ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 17 തിയതി 13.01.2023).

1-48 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ .

2021-2022 വർഷം ഗ്രാമ പഞ്ചായത്ത് നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ആകെ അളവുമൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി ഘടകവും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പാർട്ടിലെ അനുബന്ധം-6ൽ പരാമർശിക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപെടുത്തുന്നു.

1-49 സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്ന് സെൽഫ് ചെക്ക് മുഖേന തുക പിൻവലിച്ചത്-അപാകത-

മംഗൽപാടി ഗ്രാമ പഞ്ചായത്ത് 2021-22 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, സി.ഡി.എസ് മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിന്ന് 2,58,839 രൂപ (A/c No-40529100003093 കേരള ഗ്രാമീൺ ബാങ്ക് ഉപ്പള ) സെൽഫ് ചെക്ക് മുഖേന പിൻവലിച്ച് ഹരിതകർമ്മസേനക്ക് ആവശ്യമായ യൂണിഫോം, ഗ്ലൗസ് തുടങ്ങിയവ വിതരണം ചെയ്യുന്നതിനു വേണ്ടി ല്വല്യ ടൈലേർസ് കാസറഗോഡ്, സലി സൂപ്പർ സ്റ്റേഷനറി കുമ്പള എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് തുക കൈമാറാതെ സെൽഫ് ചെക്ക് മുഖേന തുക പിൻവലിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.15 തീയ്യതി 13.01.2023)

| സെൽഫ് ചെക്ക് നം/തീയ്യതി | തുക | ചെലവ് വിവരങ്ങൾ |
|---|---|---|
| 20911/31-03-2021 | 51,855 | ഹരിതകർമ്മസേനക്ക്<br>യൂനിഫോം=43950<br>ഐ.ഡി കാർഡ് =7905 |
| 20913/13-04-2021 | 7,300 | സ്പ്രേ കുപ്പി=5,400<br>മാസ്ക് & ഹാൻഡ് ഗ്ലൗസ്=1900 |
| 21341/07-06-2021 | 35,500 | തുണി സഞ്ചി=23,250<br>തുണി മാസ്ക്=3,900<br>ഗ്ലൗസ്=8,350 |
| 21313/09-08-2021 | 1,64,184 | കാർഡ്=28,500<br>ബിൽ ബുക്ക്=43,000<br>യൂണീഫോം=64,900<br>പ്ലാസ്റ്റിക് തുണി=19,470<br>മാസ്ക്=8314 |
| ആകെ | 2,58,839 | |

1-50 വീട് വാസയോഗ്യമാക്കൽ ജനറൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന വീട് വാസയോഗ്യമാക്കൽ (ജനറൽ) (പ്രൊജക്ട് നമ്പർ.154/2021-22) പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 6 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി ആദ്യ ഗഡുവായി 25,000/-രൂപ താഴെപറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ആദ്യ ഗഡുവായ 25,000/- രൂപ നൽകിയിട്ടും പ്രസ്തുത ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി. ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 6 തീയ്യതി 12.01.2023)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അക്കൗണ്ട് നം&തിയ്യതി | ബാലൻസ് തുക |
|---|---|---|---|---|
| 1 | നഫീസ | 25,000 | 68720100007525/11-08-2021 | 25,000 |
| 2 | ഖദീജ | 25,000 | 42102030024798/11-08-2021 | 25,000 |
| 3 | നളിനി | 25,000 | 4210220090946/11-08-2021 | 25,000 |
| 4 | സുലൈഖബി | 25,000 | 68720100003752/11-08-2021 | 25,000 |
| 5 | ബീബി | 25,000 | 42102030000071/23-09-2021 | 25,000 |
| 6 | വിമല ഷെട്ടി | 25,000 | 68720100008334/31-03-2021 | 25,000 |

### 1-51 ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ-നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (രണ്ടാം ഘട്ടം,മൂന്നാം ഘട്ടം) ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 50 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.(യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/- എസ്.ടി ₹6,00,000/എസ്.സി-₹4,00,000/-)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തുക ട്രാൻസ്ഫർ ചെയ്ത അക്കൗണ്ട്നം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| | ജനറൽ ഗുണഭോക്താക്കൾ | | | |
| 1 | ദേവകി | 1,60,000/- | 40500101055399 | ലിന്റൽ ലെവൽ |
| | എസ്.സി.ഗുണഭോക്താക്കൾ | | | |
| 2 | ലക്ഷ്മി | 3,00,000/- | 4050010155025 | മേൽക്കൂര നിർമ്മാണം |
| 3 | നിർമല | 40,000/- | 40500101040661 | തറ പ്രവൃത്തി |
| 4 | ശാരദ | 3,00,000/- | 40529100004433 | മേൽക്കൂര നിർമ്മാണം |
| 5 | സുമതി | 3,00,000/-- | 40500101030406 | മേൽക്കൂര നിർമ്മാണം |

| | | | | |
|---|---|---|---|---|
| 6 | ജാനവി | 2,00,000/- | 67103805729 | വാൾപ്ലേറ്റ് |
| 7 | വീണ.എം | 2,00,000/- | 40529101010448 | മേൽക്കൂര നിർമ്മാണം |
| 8 | തുളസി | 1,40,000/- | 40517100014363 | വാൾപ്ലേറ്റ് |
| 9 | സന്ധ്യ | 1,40,000/ | 405001010117821 | വാൾപ്ലേറ്റ് |
| 10 | ചന്ദ്രാവതി | 1,40,000/ | 40529101021064 | മേൽക്കൂര നിർമ്മാണം |
| 11 | കീർത്തി | 40,000/- | 42102200070603 | തറ പ്രവൃത്തി |
| 12 | അനിത.യു | 40,000/- | 150021200421083 | തറ പ്രവൃത്തി |
| 13 | പവിത്ര | 40,000/- | 40517101005914 | തറ പ്രവൃത്തി |
| | എസ്.ടി ഗുണഭോക്താക്കൾ | | | |
| 14 | ഭവാനി | 2,00,000/- | 40500100004812 | വാൾപ്ലേറ്റ് |
| 15 | ഗുലാബി | 3,20,000/- | 42102030029889 | മേൽക്കൂര നിർമ്മാണം |
| 16 | വിജയലക്ഷ്മി | 3,20,000/- | 40500100010014 | മേൽക്കൂര നിർമ്മാണം |
| 17 | നളിനാക്ഷി | 3,30,000/- | 40500101021976 | മേൽക്കൂര നിർമ്മാണം |
| 18 | പൂർനിമ.കെ | 2,00,000/- | 42102200112492 | മേൽക്കൂര നിർമ്മാണം |
| | ന്യൂനപക്ഷ | | | |
| 19 | സബിറ.യു | 2,88,710/- | 0286053000004238 | മേൽക്കൂര നിർമ്മാണം |
| 20 | ബീഫാത്തിമ | 3,60,000/- | 40500101040139 | മേൽക്കൂര നിർമ്മാണം |
| 21 | സറിന ബനു | 2,60,000/- | 68720100002572 | മേൽക്കൂര നിർമ്മാണം |
| 22 | ബീഫാത്തിമ | 1,40,000/- | 40500101003615 | ലിന്റൽ ലെവൽ |
| 23 | റസിയ | 1,40,000/- | 40102250004840 | വാൾപ്ലേറ്റ് |
| 24 | സാവിത്രി | 1,60,000/- | 40500101005181 | വാൾപ്ലേറ്റ് |
| 25 | നഫീസ | 1,40,000/- | 42102250003009 | വാൾപ്ലേറ്റ് |
| 26 | സുഹറ | 2,00,000/- | 40529101001769 | വാൾപ്ലേറ്റ് |
| 27 | മറിയാമ്മ | 2,00,000/- | 40524101016956 | വാൾപ്ലേറ്റ് |
| 28 | സൌദ കെ | 2,00,000/- | 40524101038417 | വാൾപ്ലേറ്റ് |
| 29 | നളിനാക്ഷി | 40,000/- | 40500101067118 | വാൾപ്ലേറ്റ് |
| 30 | സുൽത്തമ | 1,60,000/- | 40529101061628 | വാൾപ്ലേറ്റ് |

| | | | | |
|---|---|---|---|---|
| 31 | ഫാത്തിമ | 1,60,000/- | 40470100006102 | വാൾപ്ലേറ്റ് |
| 32 | നസീമ | 1,60,000/- | 40529101006153 | വാൾപ്ലേറ്റ് |
| 33 | തസീമ ബനു | 60,000/- | 40529101026111 | തറ പ്രവൃത്തി |
| 34 | സുജാത | 60,000/- | 42102200058042 | തറ പ്രവൃത്തി |
| 35 | നസീമ | 60,000/- | 20800100033082 | തറ പ്രവൃത്തി |
| 36 | റുബീന | 60,000/- | 6872010004649 | തറ പ്രവൃത്തി |
| 37 | സീനത്ത് ബനു | 60,000/- | 42102200024384 | തറ പ്രവൃത്തി |
| 38 | ഖദീജ | 60,000/- | 40529101051074 | തറ പ്രവൃത്തി |
| 39 | ഫാത്തിമ | 60,000/- | 40529100003633 | തറ പ്രവൃത്തി |
| 40 | ഉനൈസ | 60,000/- | 40529101019555 | തറ പ്രവൃത്തി |
| 41 | താഹിറ | 1,60,000 | 40500101039887 | വാൾപ്ലേറ്റ് |
| 42 | അബ്ദുൾ റസാഖ് | 60,000/- | 40529101005996 | തറ പ്രവൃത്തി |
| 43 | ആയിഷ | 60,000/- | 0286053000008900 | തറ പ്രവൃത്തി |
| 44 | ഫയിദ | 60,000/- | 42102200105611 | തറ പ്രവൃത്തി |
| 45 | മുമുത്താസ് | 60,000/- | 40529101034527 | തറ പ്രവൃത്തി |
| 46 | ജമീല | 60,000/- | 40500100004300 | തറ പ്രവൃത്തി |
| 47 | ഫൈറോസ് | 60,000/- | 31916573904 | തറ പ്രവൃത്തി |
| 48 | സുബൈദ | 60,000/- | 40529101017520 | തറ പ്രവൃത്തി |
| 49 | ഖൈറുന്നിസ | 60,000/- | 68720100002282 | തറ പ്രവൃത്തി |
| 50 | ആസ്യമ്മ | 60,000/- | 40529101030008 | തറ പ്രവൃത്തി |

ഭവന നിർമ്മാണം പൂർത്തീകരിക്കവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണ വിവരങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം. 9 തീയ്യതി 13.01.2023)

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി കുടിശ്ശിക ഈടാക്കാതെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകി ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഹസേര തസീൻ എന്നവരുടെ പേരിലുള്ള 4/389-A1 മുതലുള്ള 94 കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം 2021-22 സാമ്പത്തിക വർഷം ഇൻതികാബ് ആലം എന്നയാളുടെ പേരിലേക്ക്(23/03/2022-ന്)സഞ്ചയയിൽ മാറ്റം വരുത്തി നല്കിയതായി കാണുന്നു. A3-1422 ഫയലായി സഞ്ചയയിൽ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഇതു സംബന്ധിച്ച ഫയലുകളോ ഉടമസ്ഥാവകാശം മാറ്റുന്നത് സംബന്ധിച്ച രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 22, 23 എന്നിവ പ്രകാരവും ഇവയിലെ ഉപചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചാണോ സെക്രട്ടറി നടപടികൾ സ്വീകരിച്ചിരിക്കുന്നത് എന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ വർഷങ്ങളായി നികുതി കുടിശികയുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശമാണ് ഓഡിറ്റ് വർഷം മാറ്റി നല്കിയിട്ടുള്ളത്. ചില കെട്ടിടങ്ങൾ സഞ്ചയയിൽ ഡിമാന്റ് ചെയ്യാത്തതായും കാണുകയുണ്ടായി. വിശദവിവരം താഴെ കൊടുക്കുന്നു,

| സീ.നം | വാർഡ് നം & കെട്ടിട നമ്പർ. | ഉടമസ്ഥന്റെ പേര് | നികുതി കുടിശിക യുള്ള വർഷം | 2022 വർഷം വരെയുള്ള കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 4/389-A 1 | ഇൻതികാബ് ആലം | 2014-15 To 2021-22 | 10,360 |
| 2 | 4/389-A 2 | ഇൻതികാബ് ആലം | 2014-15 To 2021-22 | 14,382 |
| 3 | 4/389-A 3 | ഇൻതികാബ്ആലം | 2014-15 To 2021-22 | 14,382 |
| 4 | 4/389-A 4 | ഇൻതികാബ് ആലം | 2014-15 To 2021-22 | 4,794 |
| 5 | 4/389-A 5 | ഇൻതികാബ് ആലം | 2014-15 To 2021-22 | 14,382 |
| 6 | 4/389-A 6 | ഇൻതികാബ് ആലം | 2014-15 To 2021-22 | 14,382 |
| 7 | 4/389-A 7 | ഇൻതികാബ് ആലം | 2014-15 To 2021-22 | 13,689 |
| 8 | 4/389-A 8 | ഇൻതികാബ് ആലം | 2014-15 To 2021-22 | 6,084 |
| 9 | 4/389-A 10 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 10 | 4/389-A 11 | ഇൻതികാബ് ആലം | 2014-15 To 2021-22 | 14,440 |
| 11 | 4/389-A 12 | ഇൻതികാബ് ആലം | 2014-15 To 2021-22 | 14,440 |
| 12 | 4/389-A 13 | ഇൻതികാബ് ആലം | 2014-15 To 2021-22 | 18,000 |
| 13 | 4/389-A 14 | ഇൻതികാബ് ആലം | 2014-15 To 2021-22 | 16,272 |
| 14 | 4/389-A 15 | ഇൻതികാബ് ആലം | 2014-15 To 2021-22 | 16,344 |
| 15 | 4/389-A 16 | ഇൻതികാബ് ആലം | 2014-15 To 2021-22 | 16,164 |
| 16 | 4/389-A 17 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 17 | 4/389-A 18 | ഇൻതികാബ് ആലം | 2014-15 To 2021-22 | 10,206 |
| 18 | 4/389-A 19 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,178 |
| 19 | 4/389-A 20 | ഇൻതികാബ് ആലം | 2014-15 To 2021-22 | 13,410 |

| | | | | |
|---|---|---|---|---|
| 20 | 4/389-A 21 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,648 |
| 21 | 4/389-A 22 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,328 |
| 22 | 4/389-A 23 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 23 | 4/389-A 24 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,088 |
| 24 | 4/389-A 25 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,104 |
| 25 | 4/389-A 26 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,104 |
| 26 | 4/389-A 27 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,104 |
| 27 | 4/389-A 28 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,104 |
| 28 | 4/389-A 29 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 29 | 4/389-A 30 | ഇൻതികാബ് ആലം | 2014-15 To 2021-22 | 18,168 |
| 30 | 4/389-A 31 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,104 |
| 31 | 4/389-A 32 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,104 |
| 32 | 4/389-A 33 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,104 |
| 33 | 4/389-A 34 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,104 |
| 34 | 4/389-A 35 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,393 |
| 35 | 4/389-A 36 | ഇൻതികാബ് ആലം | 2014-15 To 2021-22 | 16,164 |
| 36 | 4/389-A 37 | ഇൻതികാബ് ആലം | 2020-21 To 2021-22 | 3,592 |
| 37 | 4/389-A 38 | ഇൻതികാബ് ആലം | 2014-15 To 2021-22 | 16,164 |
| 38 | 4/389-A 39 | ഇൻതികാബ് ആലം | 2014-15 To 2021-22 | 16,164 |
| 39 | 4/389-A 40 | ഇൻതികാബ് ആലം | 2014-15 To 2021-22 | 16,164 |
| 40 | 4/389-A 41 | ഇൻതികാബ് ആലം | 2014-15 To 2021-22 | 15,543 |
| 41 | 4/389-A 42 | ഇൻതികാബ് ആലം | 2014-15 To 2021-22 | 15,543 |
| 42 | 4/389-A 43 | ഇൻതികാബ് ആലം | 2014-15 To 2021-22 | 15,570 |
| 43 | 4/389-A 44 | ഇൻതികാബ് ആലം | 2014-15 To 2021-22 | 15,426 |
| 44 | 4/389-A 45 | ഇൻതികാബ് ആലം | 2014-15 To 2021-22 | 15,543 |
| 45 | 4/389-A 46 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 46 | 4/389-A 47 | | | |
| 47 | 4/389-A 48 | | | |
| 48 | 4/389-A 49 | | | |
| 49 | 4/389-A 50 | | | |
| 50 | 4/389-A 51 | | | |
| 51 | 4/389-A 52 | | | |
| 52 | 4/389-A 53 | | | |
| 53 | 4/389-A 54 | | | |
| 54 | 4/389-A 55 | | | |
| 55 | 4/389-A 56 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,096 |
| 56 | 4/389-A 57 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ | | |

| | | | | |
|---|---|---|---|---|
| | | ഡിമാന്റ് ചെയ്യിട്ടില്ല. | | |
| 57 | 4/389-A 58 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,420 |
| 58 | 4/389-A 59 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,420 |
| 59 | 4/389-A 60 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,420 |
| 60 | 4/389-A 61 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,420 |
| 61 | 4/389-A 62 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,546 |
| 62 | 4/389-A 63 | ഇൻതികാബ് ആലം | 2014-15 To 2021-22 | 20,097 |
| 63 | 4/389-A 64 | ഇൻതികാബ് ആലം | 2014-15 To 2021-22 | 20,277 |
| 64 | 4/389-A 65 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,474 |
| 65 | 4/389-A 66 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,600 |
| 66 | 4/389-A 67 | ഇൻതികാബ് ആലം | 2014-15 To 2021-22 | 10,408 |
| 67 | 4/389-A 68 | ഇൻതികാബ് ആലം | 2014-15 To 2021-22 | 10,416 |
| 68 | 4/389-A 69 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്യിട്ടില്ല. | | |
| 69 | 4/389-A 70 | ഇൻതികാബ് ആലം | 2014-15 To 2021-22 | 13,912 |
| 70 | 4/389-A 71 | ഇൻതികാബ് ആലം | 2014-15 To 2021-22 | 13,888 |
| 71 | 4/389-A 72 | ഇൻതികാബ് ആലം | 2014-15 To 2021-22 | 14,448 |
| 72 | 4/389-A 73 | ഇൻതികാബ് ആലം | 2014-15 To 2021-22 | 14,080 |
| 73 | 4/389-A 74 | ഇൻതികാബ് ആലം | 2014-15 To 2021-22 | 13,480 |
| 74 | 4/389-A 75 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്യിട്ടില്ല. | | |
| 75 | 4/389-A 76 | | | |
| 76 | 4/389-A 77 | | | |
| 77 | 4/389-A 78 | | | |
| 78 | 4/389-A 79 | ഇൻതികാബ് ആലം | 2014-15 To 2021-22 | 13,872 |
| 79 | 4/389-A 80 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്യിട്ടില്ല. | | |
| 80 | 4/389-A 81 | | | |
| 81 | 4/389-A 82 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,664 |
| 82 | 4/389-A 83 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്യിട്ടില്ല. | | |
| 83 | 4/389-A 84 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,688 |
| 84 | 4/389-A 85 | ഇൻതികാബ് ആലം | 2014-15 To 2021-22 | 23,632 |
| 85 | 4/389-A 86 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്യിട്ടില്ല. | | |
| 86 | 4/389-A 87 | ഇൻതികാബ് ആലം | 2014-15 To 2021-22 | 9,104 |
| 87 | 4/389-A 88 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്യിട്ടില്ല. | | |
| 88 | 4/389-A 89 | | | |
| 89 | 4/389-A 90 | | | |
| 90 | 4/389-A 91 | ഇൻതികാബ് ആലം | 2014-15 To 2021-22 | 35,808 |
| 91 | 4/389-A 92 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ | | |

| | | | | |
|---|---|---|---|---|
| | | ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 92 | 4/389-A 93 | ഇൻതികാബ് ആലം | 2014-15 To 2021-22 | 10,992 |
| 93 | 4/389-A 94 | ഇൻതികാബ് ആലം | 2014-15 To 2021-22 | 10,992 |
| 94 | 4/389-A 95 | ഇൻതികാബ് ആലം | 2014-15 To 2021-22 | 10,992 |
| 95 | 4/389-A 96 | ഇൻതികാബ് ആലം | 2014-15 To 2021-22 | 11,016 |
| 96 | 4/389-A 97 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 97 | 4/389-A 98 | | | |
| 98 | 4/389-A 99 | | | |
| 99 | 4/389-A 100 | | | |
| 100 | 4/389-A 101 | ഇൻതികാബ് ആലം | 2014-15 To 2021-22 | 9,688 |
| 101 | 4/389-A 102 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 102 | 4/389-A 103 | | | |
| 103 | 4/389-A 104 | ഇൻതികാബ് ആലം | 2014-15 To 2021-22 | 15,080 |
| 104 | 4/389-A 105 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 105 | 4/389-A 106 | ഇൻതികാബ് ആലം | 2014-15 To 2021-22 | 13,400 |
| 106 | 4/389-A 107 | ഈ കെട്ടിടം സഞ്ചയയിൽ ഇതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. | | |
| 107 | 4/389-A 108 | | | |
| 108 | 4/389-A 109 | | | |
| 109 | 4/389-A 110 | ഇൻതികാബ് ആലം | 2014-15 To 2021-22 | 12,656 |
